പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 571

29.03.2010- ലെ മറുപടിക്ക്

## കയർ ജിയോ ടെക്സ്റ്റൈൽ കമ്മിറ്റി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. പി. തിലോത്തമൻ**<br>**ശ്രീ. ബാബുപോൾ**<br>**ശ്രീ. വി.എസ്. സുനിൽകുമാർ**<br>**ശ്രീ. മാങ്കോട് രാധാകൃഷ്ണൻ**<br>**ശ്രീ.കെ. രാജു.** | **ശ്രീ. ജി. സുധാകരൻ**<br>**(സഹകരണവും കയറും വകുപ്പു മന്ത്രി)** |
| **(എ)** സംസ്ഥാനത്ത് കയർ ജിയോ ടെക്സ്റ്റയിൽസ് കമ്മിറ്റി പുനസംഘടിപ്പിച്ചിട്ടുണ്ടോ; ഈ കമ്മിറ്റിയുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | **(എ)** നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ (NCRMI) പ്രവർത്തിച്ചിരുന്ന കയർ ജിയോ ടെക്സ്റ്റയിൽസ് ടെക്നിക്കൽ കമ്മിറ്റി ഇരട്ടിപ്പ് ഒഴിവാക്കാനായി NCRMI - ലെ സ്റ്റേറ്റ് ലവൽ റിസർച്ച് & ഡവലപ്പ്മെന്റ് അഡ്വൈസറി കമ്മിറ്റിയിൽ ലയിപ്പിക്കുകയാണുണ്ടായത്. സ്റ്റേറ്റ് ലവൽ R&D കമ്മിറ്റിയുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.<br>1. കയർ മേഖലയിലെ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ അംഗീകാരം നൽകുക.<br>2. R&D കമ്മിറ്റി അംഗീകരിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾക്ക് ധനസഹായം അനുവദിക്കുക.<br>3. കൃത്യമായ ഇടവേളകളിൽ അവയുടെ പുരോഗതി നിരീക്ഷിക്കുക.<br>4. വിജയകരമായി പൂർത്തീകരിക്കുന്ന പ്രോജക്ടുകൾ കയർമേഖലയ്ക്ക് ഉപയോഗ പ്രദമാകുന്ന രീതിയിൽ ഉപയോഗപ്പെടുത്തുക.<br>5. കയർ ജിയോടെക്സ്റ്റയിൽസിനെ സംബന്ധിച്ച് എല്ലാ ഗവേഷണ വികസന പ്രവർത്തനങ്ങളും ഏകോപിപ്പിക്കുക. |
| **(ബി)** ഓരോ സാഹചര്യത്തിലും ഉപയോഗിക്കാൻ കഴിയുന്ന ജിയോ ടെക്സ്റ്റയിലിന്റെ ആവിഷ്കരണവും സ്പെസിഫിക്കേഷനും തയ്യാറാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | **(ബി)** കഴിഞ്ഞിട്ടുണ്ട്. |

— - . —

| | |
|---|---|
| **(സി)** ജിയോടെക്സ്റ്റയിലിന്റെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളെടുത്തു വരുന്നു ണ്ടെന്നു വെളിപ്പെടുത്തുമോ; | **(സി)** സംസ്ഥാനത്തെ പ്രധാന വകുപ്പുകൾ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ കയർ ജിയോടെക്സ്റ്റയിൽസ് ഉൾപ്പെടുത്തുന്നതി നുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. PWD മാന്വലിൽ കയർ ജിയോടെക്സ്റ്റയിൽസ് ഉൾപ്പെടുത്തുന്നതിന്റെ പ്രൊപ്പോസൽ അവസാനഘട്ടത്തിലാണ്. പി.ഡബ്ള്യൂ.ഡി. മാന്വലിൽ കയർ ജിയൊടെക്സ്റ്റെയിൽസ് ഉൾപ്പെടുത്തണമെന്ന് 28.02.2009 - ൽ ആ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പി.ഡബ്ള്യൂ. ഡി.യുടെ ഡേറ്റാ ബുക്ക് പരിഷ്ക്കരിച്ച് ഇറക്കുന്ന മുറയ്ക്ക് കയർ ജിയോ ടെക്സ്റ്റയിൽസ് അതിൽ ഉൾപ്പെടുമെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. 27.01.2009 ൽ വകുപ്പ് മന്ത്രിയും പൊതുമരാമത്ത് വകുപ്പ് മന്ത്രിയും ഉൾപ്പെടെ വിവിധ സർക്കാർ വകുപ്പുകളിലെ ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി നടത്തിയ ചർച്ചയെ തുടർന്ന് ചുവടെ വിവരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>തദ്ദേശ സ്വയംഭരണ വകുപ്പ് 16.06.2009 ൽ നൽകിയ നിർദ്ദേശ പ്രകാരം പ്രധാന പാതകൾ ഒഴികെയുള്ള പഞ്ചായത്ത് റോഡുകൾ കയർ ജിയോടെക്സ്റ്റയിൽസ് ഉപയോഗിച്ച് ശക്തിപ്പെടുത്തുന്നതിന് സംബന്ധിച്ച് അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതിനായി ജില്ലാ/ഗ്രാമ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുന്ന തിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടു ത്തുകയും ആയതു പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ കയർ ജിയൊ ടെക്സ്റ്റയിൽസിനെ നിർമ്മാണ വസ്തുവായി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും, ആയത് പ്രകാരം ഗ്രാമവികസന വകുപ്പ് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പല ബ്ളോക്ക് പഞ്ചായത്തു കളും തൊഴിൽ ഉറപ്പു പദ്ധതിയിൽ |

| | |
|---|---|
| | നീർത്തട സംരക്ഷണത്തിനായി കയർ ജിയോ ടെക്സ്റ്റയിൽസ് വലിയ തോതിൽ ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്.<br><br>**സെക്ഷൻ ഓഫീസർ** |

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. * 572 — 29.3.2010-ൽ മറുപടിയ്ക്ക്

"അടഞ്ഞുകിടക്കുന്ന തേയില തോട്ടങ്ങൾ"

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. ഇ.എസ്.ബിജിമോൾ :<br>ശ്രീ.എൻ.രാജൻ :<br>ശ്രീ.രാജാജി മാത്യു തോമസ് : | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് തേയില ത്തോട്ടങ്ങൾ അടഞ്ഞുകിട പ്പുണ്ടോ; ഉണ്ടെങ്കിൽ എത്ര തോട്ടങ്ങൾ, അവ ഏതെല്ലാം; | (എ) ഉണ്ട്. സംസ്ഥാനത്ത് താഴെപ്പ റയുന്ന 5 തേയിലത്തോട്ടങ്ങൾ അട ഞ്ഞുകിടപ്പുണ്ട്.<br><br>1) പീരുമേട് എസ്റ്റേറ്റ്<br>2) ലോൺട്രി എസ്റ്റേറ്റ്<br>} പീരുമേട് ടീ കമ്പനി വക<br><br>3) കോഴിക്കാനം എസ്റ്റേറ്റ്<br>4) മൗണ്ട് എസ്റ്റേറ്റ്<br>5) തങ്കമല എസ്റ്റേറ്റ്<br>} ആർ.ബി.റ്റി വക |

....2/.

(ബി) ഈ തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് കേന്ദ്ര വാണിജ്യ വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) 1953-ലെ ടീ ആക്ടിലെ സെക്ഷൻ 16 ഇ അനുസരിച്ച് ടീ ബോർഡ് വഴി ഇതിനുള്ള നടപടികൾ ആരംഭിച്ചുവെങ്കിലും, തോട്ടം ഉടമകൾ ഹൈക്കോടതിയെ സമീപിച്ച് 'സ്റ്റേ' വാങ്ങിയിരിക്കുകയാണ്.

(സി) തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് എന്തെങ്കിലും പ്രത്യേക വ്യവസ്ഥകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(സി) പീരുമേട് ടീ കമ്പനി വക തോട്ടങ്ങളായ പീരുമേട് എസ്റ്റേറ്റ്, ലോൺട്രി എസ്റ്റേറ്റ് എന്നിവയുടെ മാനേജ്മെൻറ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ടീ ബോർഡ്' പബ്ലിക് നോട്ടീസ് പുറപ്പെടുവിച്ചു. എന്നാൽ ഇതിനെതിരെ പ്രസ്തുത കമ്പനി കോടതിയെ സമീപിച്ച് 'സ്റ്റേ' സമ്പാദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : **573**

29.03.2010- ലെ മറുപടിക്ക്

# കയറുല്പന്ന്ങ്ങളുടെ വികസനത്തിന് കേന്ദ്ര ഗവൺമെന്റ് സഹായം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. വി.ഡി. സതീശൻ**<br>**ശ്രീ. തേറമ്പിൽ രാധാകൃഷ്ണൻ** | **ശ്രീ. ജി. സുധാകരൻ**<br>**(സഹകരണവും കയറും വകുപ്പു മന്ത്രി)** |
| **(എ)** ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം കയറിന്റെയും കയറുല്പന്നങ്ങളുടെയും വികസനത്തിന് കയർബോർഡു വഴിയല്ലാതെ കേന്ദ്ര ഗവൺമെന്റ് എത്ര തുക സംസ്ഥാനത്തിനു നൽകിയിട്ടുണ്ട്; | **(എ)** അധിക കേന്ദ്ര സഹായ പദ്ധതി പ്രകാരം 2007-08-ൽ 90 ലക്ഷം രൂപയും 2008-09 ൽ 500 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| **(ബി)** എന്തെല്ലാം പദ്ധതികൾക്കു വിനിയോഗിക്കുന്നതിനാണ് ഈ തുക നൽകിയത്; | **(ബി)** അധിക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 2007-08 ൽ കയർ മേഖലയുടെ സാങ്കേതിക വികസനത്തിനും, 2008-09 ൽ കയർ വ്യവസായത്തിന്റെ ആധുനിക വൽക്കരണത്തിനുമാണ് തുക അനുവദിച്ചത് |
| **(സി)** ഈ തുക എന്തെല്ലാം കാര്യങ്ങൾക്കായി വിനിയോഗിച്ചു എന്നു പറയുമോ? | **(സി)** 2007-08 പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| 1 | കയർ യാൺ പിരിക്കൽ, കയർ ഡോർ മാറ്റ്സ് ഉല്പാദനം, കയർ ജിയോ ടെക്സ്റ്റയിൽസ് നിർമ്മാണം എന്നിവയുടെ പരിശീലനം തൊഴിലാളികൾക്ക് നൽകുക | 25.50 ലക്ഷം |
| 2 | കയർ മാറ്റിംഗിനായി ഫോമാറ്റിംഗ്സിന് മെഷിനറി വാങ്ങുന്നതിന് | 5 ലക്ഷം |
| 3 | ഫോംമാറ്റിംഗ്സിലെ ജീവനക്കാർക്ക് പരിശീലനം | 1.5 ലക്ഷം |

| | | |
|---|---|---|
| 4 | കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷനിലെ ജീവനക്കാർക്ക് പരിശീലനം | 1.5 ലക്ഷം |
| 5 | കേരളാ സ്റ്റേറ്റ് കയർ കോർപ്പ റേഷനിൽ സാങ്കേതിക വികസനം | 10 ലക്ഷം |
| 6 | കയർഫെഡിലെ ജീവന ക്കാർക്ക് പരിശീലനം | 5 ലക്ഷം |
| 7 | കയർ പിത്തിൽ നിന്ന് ജൈവ വളം നിർമ്മിക്കുന്നതിന് ലബോറട്ടറി സ്ഥാപിക്കുന്ന തിന് കയർഫെഡിന് ധനസഹായം | 12 ലക്ഷം |
| 8 | സംഘം പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കുമുള്ള പരിശീലനം | 1 ലക്ഷം |
| 9 | കയർ സഹകരണ സംഘങ്ങളെ ഉല്പാദക സംഘങ്ങളാക്കി മാറ്റുന്നതിന് | 21 ലക്ഷം |
| 10 | ചിറയിൻകീഴ് അഞ്ചെൻഗോ മാറ്റ്സ് & മാറ്റിംഗ് സഹകരണ സംഘം റ്റി.1000 ടേപ് എഡ്ജിംഗ് മെഷീൻ വാങ്ങുന്നതിന് | 7.50 ലക്ഷം |

II) 2008-09 ൽ 500 ലക്ഷം രൂപ അനുവദിച്ചത് കയർ മേഖലയുടെ ആധുനികവൽക്കരണം എന്ന പദ്ധതി യ്ക്കാണ്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | 25 സ്പിന്നിംഗ് യൂണി റ്റുകളുടെ ആധുനിക വൽക്കരണം നടത്തുന്നതിന് | 138.25 ലക്ഷം |
| 2 | 6 വീവിംഗ് യൂണിറ്റുകളുടെ ആധുനിക വൽക്കരണം | 155.40 ലക്ഷം |
| 3 | ഫിനിഷ്ഡ് പ്രോഡക്ടു കളുടെ സ്റ്റോറെജ് സൗകര്യ ത്തിനും അസംസ്കൃത ബാങ്ക് സ്ഥാപിക്കുന്നതിനും | 75 ലക്ഷം |
| 4 | കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന് പൊതു സൗകര്യ സേവന കേന്ദ്രം സ്ഥാപിക്കുന്നതിന് | 48.1 ലക്ഷം |

| | | |
|---|---|---|
| 5 | കയർഫെഡിന്റെ RCP യൂണിറ്റ് ആധുനികവൽക്കരിക്കുന്നതിന് | 83.25 ലക്ഷം |

6. പ്രധാനമന്ത്രിയുടെ പ്രത്യേക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന TEAP (സുനാമി അടിയന്തിര പദ്ധതി) പ്രകാരം കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് 184 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയുണ്ടായി. പദ്ധതിയുടെ വിശാദാംശം ചുവടെ ചേർക്കുന്നു.

സുനാമി ബാധിത മേഖലയിലെ കയർ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന "കയർ അധിഷ്ഠിത ജീവനോപാധി പദ്ധതി" കൊല്ലം, ആലപ്പുഴ, കോഴിക്കോട് ജില്ലകളിലെ സുനാമി ബാധിത പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത്. 10 സ്ത്രീ കയർ തൊഴിലാളികൾ വീതമുള്ള 25 ആക്ടിവിറ്റി ഗ്രൂപ്പിന് 21 ആട്ടോമാറ്റിക് കയർ പിരി യൂണിറ്റും 4 ക്രീൽ മാറ്റ് യൂണിറ്റും നൽകുന്നതാണ് പദ്ധതി.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ : 574 29.03.2010-ൽ മറുപടിയ്ക്ക്

ഉദ്യോഗതലങ്ങളിൽ പിന്നോക്ക-പട്ടിക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.എം.മാണി: | ശ്രീ.എ.കെ.ബാലൻ<br>പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും<br>വകുപ്പു മന്ത്രി. |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ വകുപ്പുകളിലേയ്ക്കുള്ള നേരിട്ടുള്ള നിയമനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക സമുദായങ്ങൾ എന്നിവർക്ക് ഉണ്ടായിക്കൊണ്ടിരിയ്ക്കുന്ന ഉദ്യോഗതലങ്ങളിലെ പ്രാതിനിധ്യ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) 1.1.2008-ലെ വാർഷികാവലോകന പ്രകാരം സംസ്ഥാന സർവ്വീസിൽ 10.3% ശതമാനം പട്ടികജാതിക്കാരുടേയും 1.6% പട്ടികവർഗ്ഗക്കാരുടേയും പ്രാതിനിധ്യമാണുള്ളതു്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വകുപ്പുകളിലെ പട്ടികജാതി പട്ടികവർഗ്ഗ പ്രാതിനിധ്യം എല്ലാ വർഷവും ജനുവരി ഒന്ന് അടിസ്ഥാനമാക്കി ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ച് അവലോകനം ചെയ്ത് ഈ വിഭാഗങ്ങൾക്ക് 10% പ്രാതിനിധ്യം ഓരോ വിഭാഗത്തിലും ഉറപ്പു വരുത്തുന്നുണ്ട്. 10% പ്രാതിനിധ്യം ഇല്ലാത്ത വിഭാഗങ്ങളിൽ ആനുപാതികമായ എണ്ണം തസ്തികകൾ സംവരണം ചെയ്ത് നൽകി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തി വരുന്നുണ്ട്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേനയുള്ള നിയമന പുരോഗതി സർക്കാർ തലത്തിൽ പ്രതിമാസ അവലോകനവും നടത്തുന്നുണ്ട്. മതി |

യായ യോഗ്യതയുള്ളവരെ ലഭിക്കാതെ വരു മ്പോൾ ഒഴിവുകൾ നികത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ തസ്തികമാറ്റം വഴി നിയമനം നട ത്തുന്നതിനും യോഗ്യതയിൽ ഇളവു നൽകുന്ന തിനും ഉത്തരവ് നൽകുന്നുണ്ട്. സ്പെഷ്യൽ റൂൾ സിന്റെ അഭാവം മൂലം നിയമനങ്ങളിൽ ഉണ്ടാ കുന്ന കാലതാമസം ഒഴിവാക്കാൻ സർക്കാർ എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാറ്റിനുമുപരി യായി പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പ്രാതിനി ധ്യവും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമന പുരോഗ തിയും മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള സമിതി പരി ശോധിക്കുന്നുമുണ്ട്.

പി.എസ്.സി.തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ മറ്റ് പിന്നോക്ക സമുദായങ്ങൾക്ക് നിലവി ലുള്ള നിശ്ചിത ശതമാനം ഉദ്യോഗാർത്ഥികൾ ഒരു റാങ്ക് ലിസ്റ്റിൽ ഇല്ലാതെ വന്നാൽ ആ ഒഴിവുകൾ നീക്കിയിട്ടശേഷം അതെ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി ആ വർഷം തന്നെ നേരിട്ടു നിയമനം നടത്താനും വീണ്ടും ഉദ്യോഗാർ ത്ഥികളെ ലഭിക്കാതെ വന്നാൽ ഒരിക്കൽക്കൂടി ഒഴിവു് വിജ്ഞാപനം ചെയ്യാനുമുള്ള വ്യവസ്ഥ നിലവിലുണ്ടു്.

(ബി) സർക്കാർ സർവ്വീസുകളിൽ നിലവിൽ ഈ വിഭാഗങ്ങൾക്ക് ഉണ്ടായിട്ടുള്ള പ്രാതിനിധ്യക്കുറവ് പരിഹരിയ്ക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) നിലവിൽ ഇത് സംബന്ധിച്ച് ലഭ്യമായിട്ടുള്ള നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

(ബി) (സി) & (ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിനായി സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്പെഷ്യൽ റിക്രൂട്ട്മെന്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

ഉദ്യോഗ നിയമനത്തിൽ പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുവാൻ സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിച്ചു കൊണ്ട് 2.2.2006-ൽ **G.O.(P) No.8/06/SCSTDD** ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക സമുദായങ്ങൾക്ക് അർഹതപ്പെട്ട സംവരണ ക്വാട്ട ഉറപ്പുവരുത്തുവാൻ നിയമനങ്ങൾക്കുള്ള റാങ്ക് ലിസ്റ്റിൽ സംവരണ സമുദായങ്ങൾക്കുള്ള നിർദ്ദിഷ്ട ശതമാനം ഉദ്യോഗാർത്ഥികൾ ഇല്ലാതെ വന്നാൽ ആ ഒഴിവുകൾ നീക്കിയിട്ടശേഷം ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി ആ വർഷം തന്നെ നേരിട്ടു നിമയനം നടത്താനും വീണ്ടും ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വന്നാൽ ഒരിക്കൽ കൂടി ഒഴിവ് വിജ്ഞാപനം ചെയ്യാനും നിർദ്ദേശിച്ചു കൊണ്ട് സർക്കാർ 8.3.2006-ലെ **G.O.(P) No.7/06/P&ARD** പ്രകാരം കേരളാ സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് റൂൾസ് ഭേദഗതി ചെയ്തിട്ടുണ്ട്. രണ്ടാമത്തെ തവണയും ഉദ്യോഗാർത്ഥികളെ ലഭിയ്ക്കാതെ വന്നാൽ ആ ഒഴിവുകൾ ലിസ്റ്റിൽ പിന്നിലുള്ള മറ്റു പിന്നോക്ക വിഭാഗക്കാ

ർരിൽ നിന്നോ പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ നിന്നോ നികത്താനും ഉത്തരവായിട്ടുണ്ട്.

ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടി ന്റെ അടിസ്ഥാനത്തിൽ 2/02/2006-ൽ പുറപ്പെ ടുവിച്ച സ.ഉ.(പി)8/06/പജപവവിവ പ്രകാരം സംവരണ സമുദായങ്ങൾക്ക് നിയമപരമായി ഉദ്യോഗങ്ങളിൽ ലഭിക്കേണ്ട സംവരണ ക്വാട്ട ഭാവി യിൽ നഷ്ടപ്പെടാതെ ലഭ്യമാക്കുമെന്ന് ഉറപ്പാക്കി യിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ക്കൊഴികെ മറ്റൊരു സംവരണ സമുദായത്തിനും ഉദ്യോഗ നിയമനത്തിലെ സംവരണക്കുറവ് നിക ത്താൻ സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്താൻ നില വിൽ നിയമമില്ല.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 575 — 29.03.2010-ൽ മറുപടിയ്ക്ക്

## വൈദ്യുതി രംഗത്ത് സംസ്ഥാനത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം . എം . മോനായി<br>ശ്രീ. അൽഫോൻസ് കണ്ണന്താനം<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |

(എ) വൈദ്യുതി ബോർഡ് വിഭജിച്ച് കമ്പനിയാക്കണമെന്ന ഇലക്ട്രിസിറ്റി ആക്ട് 2003 പ്രകാരമുള്ള കേന്ദ്ര നിർദ്ദേശം ഈ സർക്കാർ അംഗീകരിക്കുന്നുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(എ) & (ബി) ഇലക്ട്രിസിറ്റി ആക്ട് 2003 ലെ സെക്ഷൻ 172 പ്രകാരം വൈദ്യുതി ബോർഡിന്റെ കാലാ വധി നീട്ടി നൽകാൻ കേന്ദ്ര സർക്കാർ തയ്യാറാകാതിരുന്ന സാഹചര്യത്തിൽ പ്രസ്തുത നിയമത്തിലെ സെക്ഷൻ 131 പ്രകാരം കെ.എസ്.ഇ.ബി.യുടെ മുഴുവൻ ആസ്തി ബാധ്യതകളും സംസ്ഥാന സർക്കാർ ഏറ്റെടുത്തു കൊണ്ടുള്ള ട്രാൻസ്ഫർ സ്കീം 2008 സെപ്റ്റംബർ 25 ന് സർക്കാർ വിജ്ഞാപനം ഇറക്കി. ഇപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അസ്തി ബാദ്ധ്യതകൾ 2009 സെപ്റ്റംബറിനു മുമ്പ് സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു കമ്പനിയിലേക്ക് കൈമാറ്റം ചെയ്യുമെന്നു ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ഇപ്രകാരം കൈമാറ്റം ചെയ്യാനുള്ള കാലാവധി 2010 മാർച്ച് 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പുതിയ കമ്പനിയുടെ മെമ്മോറണ്ടം ഓഫ്

അസോസിയേഷൻ, ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ എന്നിവ കമ്പനി രജിസ്ട്രാർക്ക് സമർപ്പിക്കാൻ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കമ്പനിയുടെ രജിസ്ട്രേഷന് വേണ്ട നടപടികൾ പുരോഗമിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | ഇലക്ട്രിസിറ്റി ആക്ട് പ്രകാരം ഏതെല്ലാം സംസ്ഥാനങ്ങളിൽ കമ്പനി രൂപീകരിച്ചു; കമ്പനി രൂപീകരിച്ചതിനുശേഷം അവയുടെ പ്രവർത്തനം മെച്ചപ്പെട്ടതായി റിപ്പോർട്ടുകളുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (സി) | ഒറീസ, ഹരിയാന, കർണ്ണാടക, ആന്ധ്രപ്രദേശ്, ഉത്തർ പ്രദേശ്, ഉത്തരാഞ്ചൽ, രാജസ്ഥാൻ, ഡൽഹി, മദ്ധ്യപ്രദേശ്, ചത്തീസ്ഗഢ്, തമിഴ്നാട്, ആസാം, ഗുജറാത്ത്, മഹാരാഷ്ട്ര, തൃപുര, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ കമ്പനികൾ രൂപീകരിച്ചു. കമ്പനി രൂപീകരിച്ചതു പ്രകാരം പ്രവർത്തനം മെച്ചപ്പെട്ടതായ റിപ്പോർട്ടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | വൈദ്യുതി രംഗത്ത് സംസ്ഥാനത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ ? | (ഡി) | ഉൽപാദന രംഗത്ത് 211.50 **MW** ൻെറ എട്ട് പദ്ധതികൾ നടന്നു വരുന്നു. കൂടാതെ 83.75 **MW** ൻെറ പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 72.60 **MW** ൻെറ പദ്ധതികൾ 2010-11 ടെണ്ടർ ചെയ്യാൻ ഉദ്ദേശിക്കുന്നു. കൂടാതെ **1320 MW** ൻെറ ഒരു താപവൈദ്യുത പദ്ധതിയും 1000 -1100 **MW** ൻെറ പ്രകൃതിവാതകം ഇന്ധനമായി ഉപയോഗിച്ചിട്ടുള്ള പദ്ധതിയും കാസർഗോഡുള്ള ചീമേനിയിൽ സർക്കാരിൻെറ പരിഗണനയിലുണ്ട്. 1000 **MW** ൻെറ പ്രകൃതി വാതകം ഇന്ധനമായി ഉപയോഗിക്കുന്ന പദ്ധതി ബ്രഹ്മപുരത്തും |

സ്ഥാപിക്കാൻ ലക്ഷ്യം വെയ്ക്കുന്നു. ഉൽപാദന മേഖലയിൽ 2010 -11 ൽ 284.34 കോടി രൂപ വകയിരുത്തി യിട്ടുണ്ട്.

പ്രസരണ മേഖലയിലെ 2022 വരെയുള്ള വൈദ്യുതി ആവശ്യകത നിറവേറ്റാൻ ഉതകുന്നതരത്തിൽ പ്രസരണ ശ്രൃംഖല ശക്തിപ്പെടു ത്താനുള്ള ഒരു മാസ്റ്റർ പ്ലാൻ കെ.എസ്.ഇ.ബി തയ്യറാക്കി വരുന്നു. പ്രസരണ മേഖലയിൽ 2010-11, 2011-12 വർഷങ്ങളിലായി നടപ്പിൽ വരുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള സബ്സ്റ്റേഷനുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. 275.98 കോടി രൂപയുടെ പദ്ധതികളാണ് 2010-11 ൽ വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ പ്രസരണ വിതരണ നഷ്ടം 11ാം പദ്ധതിയുടെ അവസാനത്തോടെ 15% ആക്കാൻ ലക്ഷ്യം വെച്ചിട്ടിട്ടുണ്ട്. വിതരണ മേഖലയിൽ 2010 -11 വർഷത്തിൽ നടപ്പിൽ വരുത്താൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതി കള്ളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. വിതരണ മേഖലയിൽ 425 കോടി രൂപയുടെ പദ്ധതി കളാണ് ഉൾപ്പെടുത്തിയിരി ക്കുന്നത്.

S. Mallika

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം
## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 576
## 29.3.2010 - ൽ മറുപടിക്ക്
## സഹകരണ മേഖലയിലെ കാർഷിക വായ്പാനയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.മുരളി പെരുനെല്ലി. | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും<br>വകുപ്പു മന്ത്രി) |
| (എ) സഹകരണ മേഖലയിലെ കാർഷിക വായ്പാ നയം വ്യക്തമാക്കുമോ ; | (എ) സഹകരണ മേഖല വഴി കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ കുറഞ്ഞ പലിശ നിരക്കിലും സുഗമമായും ലഭിക്കണമെന്നതാണ് പ്രധാനമായും സ്വീകരിച്ചു വരുന്ന നയം. അതോടൊപ്പം കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് ആവശ്യമായ കാർഷിക വായ്പ യഥാസമയം ലഭ്യമാക്കുന്നതോടൊപ്പം കാർഷിക വായ്പാ വിതരണത്തിൽ കൂടുതൽ പുരോഗതി കൈവരിയ്ക്കുന്നതിനും ഉദ്ദേശിക്കുന്നു. നെൽക്കൃഷി മേഖലയിൽ പരമാവധി സഹായങ്ങൾ ചെയ്യുകയും പലിശ രഹിത വായ്പ നൽകിയും നെൽക്കൃഷി മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം കണക്കിലെടുത്ത് കൊയ്ത്ത് മെതി യന്ത്രങ്ങൾ വാങ്ങുന്നതിനും, കാർഷിക വായ്പകൾ വിതരണം ചെയ്യാൻ കഴിയാത്ത സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തന പരിധിയിൽ കൃഷിക്കാർക്ക് നേരിട്ട് കാർഷിക വായ്പ നൽകുന്നതിനായി ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകൾ ആരംഭിക്കുകയും, കാർഷിക വായ്പാ വിതരണം ചെയ്യാത്ത പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ച് കാർഷികേതര വായ്പാ സംഘങ്ങളാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നതിലൂടെ കേരളത്തിലെ സഹകരണ കാർഷിക വായ്പാ മേഖല ചലനാത്മകമാകുകയും, കൃഷിക്കാരന് യഥാസമയം, ന്യായമായ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുവാനും, കാർഷിക വായ്പകൾ കാർഷിക ആവശ്യത്തിന് തന്നെ ഉപയോഗിക്കുകയും ചെയ്യുന്നു എന്ന് ഉറപ്പാക്കുകയും ചെയ്യുന്ന നയമാണ് നിലവിലുള്ളത്. സഹകരണ മേഖല വഴിയുള്ള കാർഷിക വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കൃഷി വകുപ്പ് എന്നിവരുടെ സഹകരണത്തോടെ വായ്പാ മേഖലയിലെ വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്ത്, ജില്ലാ, സംസ്ഥാന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇപ്പോൾ സഹകരണ ബാങ്കുകൾ മുഖേന പ്രതിവർഷം എത്ര കോടി രൂപ കാർഷിക വായ്പ അനുവദിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (ബി) | സഹകരണ ബാങ്കുകൾ മുഖേന<br>2007 – 08 വർഷത്തിൽ 1813.57 കോടി രൂപയും<br>2008 – 09 വർഷത്തിൽ 1822.11 കോടി രൂപയും<br>2009– 10(31.12.09 വരെ) വർഷത്തിൽ 1397.78 കോടി രൂപയും കാർഷിക വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | കാർഷിക വായ്പയ്ക്കുള്ള പലിശ നിരക്കിൽ ഈ സർക്കാർ കുറവുവരുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് സഹകരണ മേഖലയിൽ 25000/ - രൂപ വരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾ 8.5% പലിശ നിരക്കിലും 25000/ - രൂപയ്ക്ക് മുകളിൽ 9% പലിശ നിരക്കിലുമാണ് വിതരണം ചെയ്തിരുന്നത്. ഈ സർക്കാർ അധികാരമേറ്റ ശേഷം ഒരു ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾ 5.5% പലിശ നിരക്കിലും അതിനു മുകളിൽ 3 ലക്ഷം രൂപ വരെ 6% പലിശ നിരക്കിലും വിതരണം ചെയ്യുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി .<br>2007-08 വർഷത്തിൽ നെൽക്കൃഷിയ്ക്കും പച്ചക്കറി കൃഷിയ്ക്കും 4% പലിശ നിരക്കിൽ കാർഷിക വായ്പ വിതരണം നടത്തുകയും എന്നാൽ ഇപ്പോൾ കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾക്കും നബാർഡ് നയത്തിനനുസൃതമായും ലഭ്യമാകുന്ന പുനർ വായ്പയുടെ ലഭ്യത കണക്കിലെടുത്തും എല്ലാ ഹ്രസ്വകാല വിള വായ്പകൾക്കും 7% പലിശ നിരക്കായി നിജപ്പെടുത്തിയിട്ടുണ്ട്.<br>നെൽക്കൃഷിയ്ക്ക് 25000/- രൂപ വരെയുള്ള വായ്പകൾ പലിശരഹിതമായി നൽകി വന്നിരുന്നത് 2009-10 സാമ്പത്തിക വർഷം മുതൽ പലിശരഹിത വായ്പ പരമാവധി തുക പരിധിയില്ലാതെ തന്നെ നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | നെൽകൃഷി പ്രോത്സാഹിപ്പിക്കാനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായും കർഷകരെ തിരികെ നെൽകൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനും നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ആറു മാസ കാലയളവിലേയ്ക്ക് 25000/- രൂപ വരെയുള്ള നെൽകൃഷി വായ്പകൾ പലിശ രഹിതമായി നൽകുന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. 2009-10 സാമ്പത്തിക വർഷം മുതൽ നെൽകൃഷി വായ്പകൾ പരമാവധി തുക പരിധിയില്ലാതെ തന്നെ പലിശ രഹിതമായും നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നെൽ കർഷകർക്ക് കൂടുതൽ സഹായകരമാകുന്നതിനും കൊയ്ത്ത് നടത്തുന്നതിന് തൊഴിലാളികളുടെ അഭാവവും കണക്കിലെടുത്ത് കൊയ്ത്ത് യന്ത്രങ്ങൾ സഹകരണ സംഘങ്ങൾ മുഖേന വാങ്ങി കർഷകർക്ക് ന്യായമായ വാടകയ്ക്ക് നൽകുന്നതിനും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ യന്ത്രങ്ങൾ പല സംഘങ്ങളും വാങ്ങുകയുമുണ്ടായി. ടി വായ്പാ പദ്ധതി വ്യാപകമാക്കി നെൽകൃഷി വിപുലീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

(ഇ) കൊയ്ത്ത് – മെതി യന്ത്രങ്ങൾ വാങ്ങുന്നതിന് സഹകരണ മേഖലയിൽ പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

ഉണ്ട്.

തൊഴിലാളികളുടെ ലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ സഹകരണ സംഘങ്ങൾ അതാത് പ്രദേശത്തിന് അനുയോജ്യമായ കൊയ്ത്ത് യന്ത്രം വാങ്ങി ന്യായമായ വാടകയ്ക്ക് കർഷകർ /പാടശേഖര സമിതികൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/നെല്ലുല്പാദക സഹകരണ സംഘങ്ങൾ/കുടുംബശ്രീകൾ എന്നിവയ്ക്ക് വാടകയ്ക്ക് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുകയും ടി സ്ഥാപനങ്ങൾ അപേക്ഷിക്കുന്ന മുറയ്ക്ക് കൊയ്ത്ത് യന്ത്രം വാങ്ങുന്നതിനുള്ള വായ്പ നൽകുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ആലപ്പുഴ ജില്ലയിൽ ഇതിനകം ആകെ 8 കൊയ്ത്ത് മെതി യന്ത്രങ്ങൾ വാങ്ങി ഈ ആവശ്യത്തിനായി ഉപയോഗിച്ചുവരുന്നു.

2.5 കോടി രൂപ വിലമതിയ്ക്കുന്ന 10 കൊയ്ത്ത് മെതി യന്ത്രങ്ങൾ കൂടി കുട്ടനാടൻ മേഖലയിൽ നെൽകൃഷിയ്ക്കായി സഹകരണ സ്ഥാപനങ്ങൾ മുഖേന വാങ്ങുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
14-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 577 29.3.2010-ന് മറുപടി

**കെ.എസ്.ആർ.ടി.സി. യുടെ കൈവശമുള്ള ഭൂമി സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ**

**ചോദ്യം** **ഉത്തരം**

**ശ്രീ. ബാബു എം.പാലിശ്ശേരി**
**ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി**
**ശ്രീ. സി.എച്ച്. കുഞ്ഞമ്പു**
**ശ്രീ. എ.സി. മൊയ്തീൻ**

**ശ്രീ. ജോസ് തെറ്റയിൽ,**
**ഗതാഗത വകുപ്പ് മന്ത്രി**

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യുടെ കൈവശമുള്ള ഭൂമി സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ ) | കെ.എസ്.ആർ.ടി.സി യുടെ കൈവശമുള്ള ഭൂമി സംരക്ഷിക്കുന്നതിന് ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്ത് കമ്പിവേലി, മതിൽ എന്നിവ കെട്ടി സംരക്ഷിച്ചുവരുന്നു. അനധികൃത കൈയേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ട സ്ഥലങ്ങളിൽ നിയമാനുസരണം നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ലഭ്യമായ റിക്കാർഡുകൾ പ്രകാരം കുമിളി, കുശവൂർ, പെരിങ്ങമല, ആര്യങ്കാവ്, മാനന്തവാടി, ഏറ്റുമാനൂർ എന്നിവിടങ്ങളിൽ കേസ്സുകൾ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. **പത്തനാപുരം** താലൂക്കിൽ ഇടമൺ വില്ലേജിൽ സർവ്വേ നമ്പർ 40101/2005-ൽപെട്ട കെ.എസ്.ആർ.ടി.സി. യുടെ 6 സെന്റ് 66 ച.ലിംഗ്സ് സ്ഥലവുമായി ബന്ധപ്പെട്ട് പുനലൂർ മുൻസിഫ് കോടതിയിൽ OS No.365/2009 എന്ന കേസ് വിചാരണ നടന്നുവരികയും, **കുമിളി** ബസ് സ്റ്റേഷൻ കോംപൗണ്ടിലൂടെയുള്ള വഴിതർക്കവുമായി ബന്ധപ്പെട്ട് OS No. 186/2003 ആയി ഫയൽ ചെയ്ത |

| | | | |
|---|---|---|---|
| | | | കേസിൽ അപ്പീൽ നടപടികൾ സ്വീകരിച്ചു വരുകയുമാണ്. **മാനന്തവാടി** ബസ് സ്റ്റേഷന്റെ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് OS No. 33/08 & 92/08 എന്നീ രണ്ട് കേസ്സുകൾ മാനന്തവാടി മുൻസിഫ് കോടതിയിൽ നിലവിലുണ്ട്. ആയതിൽ കോർപ്പറേഷൻ തർക്കം ബോധിപ്പിച്ച് വിചാരണ നടന്നുവരുന്നതുമാകുന്നു. |
| (സി) | കോർപ്പറേഷന്റെ കൈവശമുള്ള പട്ടയമില്ലാത്ത ഭൂമിക്ക് പട്ടയം നേടുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | കോർപ്പറേഷന്റെ കൈവശമുള്ള പട്ടയമില്ലാത്ത ഭൂമിക്ക് പട്ടയം നേടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | കോർപ്പറേഷന്റെ കൈവശമുള്ള ഭൂമി മതിൽകെട്ടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കോർപ്പറേഷന്റെ കൈവശമുള്ള ഭൂമി സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഡിപ്പോ/ സബ് ഡിപ്പോ/ ഓപ്പറേറ്റിംഗ് സെന്റർ എന്നിവയുള്ള സ്ഥലങ്ങളിൽ ചുറ്റുമതിൽ, കമ്പിവേലി മുതലായവ കെട്ടി സംരക്ഷിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ 578 — 29.03.2010 ൽ മറുപടിയ്ക്ക്.

**ആദിവാസികൾക്കായി നടപ്പാക്കിയ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ജെ. അരുന്ധതി<br>ശ്രീ. കെ. സി. കുഞ്ഞിരാമൻ<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. എ. കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ)ആദിവാസികൾക്കായി നടപ്പാക്കിയ സമഗ്ര ആരോഗ്യസുരക്ഷാപദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ)ഉണ്ട്. ആദിവാസികൾക്കായുള്ള സമഗ്ര ആരോഗ്യ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സ.ഉ. (സാധാ) 942/09/പജപവവിവ പ്രകാരം തിരുവനന്ത പുരത്ത് പ്രവർത്തിക്കുന്ന ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് പബ്ലിക് ആഡിറ്റേഴ്സ് ഓഫ് ഇൻഡ്യ, കേരള ചാപ്റ്ററിനെ നിയോഗിക്കുകയുണ്ടായി. ടി. പദ്ധതിയുടെ ആരംഭകാലം മുതൽ31.10.09 വരെയുള്ള കാലയളവിലേയ്ക്ക് വിവിധ ആശുപത്രികൾ/ആരോഗ്യസ്ഥാപനങ്ങൾക്കായി അനു വദിച്ച് നൽകിയ തുകയുടെ വിനിയോഗം ടി സ്ഥാപനം ആഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി. റിപ്പോർട്ട് പ്രകാരം 31.10.2009 വരെ ആകെ 3,40,00,625/- രൂപാ അനുവദിക്കുകയും 61,197 പേർക്കായി 3,53,16,928 രൂപാ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പദ്ധതിയുടെ പ്രയോജനം ഇതുവരെ എത്ര ആദിവാസികൾ പ്രയോജനപ്പെടു ത്തിയിട്ടുണ്ട്; | (ബി) പദ്ധതിയുടെ പ്രയോജനം 31.12.2009 വരെ 68,741 ആദിവാസികൾക്ക് ലഭിച്ചിട്ടുണ്ട്. |
| (സി) പദ്ധതി നടപ്പാക്കുന്നതിന് എത്ര കോടി രൂപ അനുവദിച്ചു എന്ന് വെളിപ്പെടു ത്തുമോ; | (സി) പദ്ധതി നടപ്പാക്കുന്നതിന് ഇതുവരെ 4,73,29,902 രൂപാ അനുവദിച്ചിട്ടുണ്ട്. |
| ഡി) പട്ടികസമുദായ ക്ഷേമവകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഈ വർഷം എത്രകോടി രൂപ അനുവദിച്ചു എന്നു വെളിപ്പെടുത്തുമോ; ഈ ആനു കൂല്യം എത്രപേർക്ക് ലഭിച്ചു എന്ന് അറിയി ക്കുമോ? | ഡി) 2009-2010 വർഷത്തിൽ 28.02.2010 വരെ പട്ടിക സമുദായക്ഷേമവകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധി യിൽ നിന്നും പട്ടികജാതി വികസന വകുപ്പ് മുഖേന 9962 ഗുണഭോക്താക്കൾക്കായി 5,45,61,050/- രൂപയും പട്ടികവർഗ്ഗവികസന വകുപ്പ് മുഖേന 9727 ഗുണഭോക്താ ക്കൾക്കായി 70 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 579

29-3-2010 - ൽ മറുപടിയ്ക്ക്

## ഹോട്ടൽ ശൃംഖല ആരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. വി.ജെ. തങ്കപ്പൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും<br>വകുപ്പു മന്ത്രി) |
| (എ) ഹോട്ടൽ വ്യാപാര മേഖലയിൽ സഹകരണ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിലുള്ള സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ക്യാന്റീനുകളും, ഇൻഡ്യൻ കോഫീ ഹൗസ്, ഹോട്ടൽ, ക്യാൻറീൻ സഹകരണ സംഘങ്ങൾ, ത്രിവേണി കോഫീ ഹൗസ് എന്നിവയും പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) രുചിയ്ക്കും ഗുണമേന്മയ്ക്കും പ്രാധാന്യം നൽകി ത്രിവേണി കോഫി ഹൗസുകളും ഹോട്ടലുകളും ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിക്കുമോ; | രുചികരവും ഗുണമേന്മയുള്ളതുമായ ഭക്ഷണ സാധനങ്ങൾ മിതമായ നിരക്കിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്ന ത്രിവേണി കോഫി ഹൗസുകളും ബഡ്ജറ്റ് ഹോട്ടലുകളും ആരംഭിക്കുന്നതിനുള്ള പദ്ധതി കൺസ്യൂമർ ഫെഡറേഷൻ ആവിഷ്കരിച്ചിട്ടുണ്ട്. 10 ബഡ്ജറ്റ് ഹോട്ടലുകൾ 40 കോടി രൂപ മുതൽ മുടക്കിലും 10 ത്രിവേണി കോഫീ ഹൗസുകൾ 2.50 കോടി രൂപ മുതൽ മുടക്കിലും ആരംഭിക്കുന്നതിനാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടിട്ടുള്ളത്. |

| | | |
|---|---|---|
| (സി) | ന്യായവില ഹോട്ടലുകൾ എല്ലാ ജില്ലകളിലും അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുമോ; | എല്ലാ ജില്ലകളിലും ന്യായവില ഹോട്ടലുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ഇപ്പോൾ പ്രവർത്തിക്കുന്ന കോഫി ഹൗസുകളുടേയും ഹോട്ടലുകളുടെയും പ്രവർത്തനം തൃപ്തികരമാണോ എന്ന് വ്യക്തമാക്കുമോ? | സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ഇൻഡ്യൻ കോഫീ ഹൗസ്, ക്യാന്റീൻ സഹകരണ സംഘങ്ങൾ, കൺസ്യൂമർ ഫെഡറേഷന്റെ കീഴിലുള്ള ത്രിവേണി കോഫീ ഹൗസുകൾ എന്നിവയുടെ പ്രവർത്തനം തൃപ്തികരമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. * 580

29.3.2010-ൽ മറുപടിയ്ക്ക്

## എൻഫോഴ്സ്മെൻറ് വിഭാഗം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ഹംസ :<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ :<br>ശ്രീ.കെ.കെ.ദിവാകരൻ :<br>ശ്രീ. കെ.സി.രാജഗോപാലൻ:<br>ശ്രീ.എ.എം.യുസഫ് : | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തൊഴിൽ വകുപ്പിൻെറ എൻഫോഴ്സ്മെൻറ് വിഭാഗം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) തൊഴിലാളികളുടെ അർഹമായ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിന് തൊഴിൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) തൊഴിലാളികളുടെ അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി, വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള ആനുകൂല്യങ്ങളും പരിരക്ഷയും തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട് എന്ന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നുണ്ട്. |
| (സി) കയറ്റിറക്കു രംഗത്തെ തർക്കങ്ങൾ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) കയറ്റിറക്ക് രംഗത്തെ തർക്കങ്ങൾ യഥാസമയം അനുരഞ്ജന ചർച്ചകൾ നടത്തി പരിഹരിക്കുന്നതിനും സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ആവശ്യമായ നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 581 29.03.2010 ൽ മറുപടിക്ക്

### പരിയാരം സഹകരണ മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പുമന്ത്രി) |
| എ) പരിയാരം സഹകരണ മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) നെഫ്രോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിലേയ്ക്കായി 2009-10 വർഷത്തിൽ 'സഹകരണ നവരത്നം കേരളീയം ഫണ്ട് പദ്ധതി' പ്രകാരം ഒരു കോടി രൂപ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. |
| ബി) ഇവിടെ ഇപ്പോൾ നിലവിലുള്ള സൂപ്പർ സ്പെഷ്യലിറ്റി-സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വ്യക്തമാക്കുമോ; | ബി) **സൂപ്പർ സ്പെഷ്യാലിറ്റി**<br>1. ന്യൂറോ മെഡിസിൻ<br>2. ന്യൂറോ സർജറി<br>3. നെഫ്രോളജി<br>4. പ്ലാസ്റ്റിക് സർജറി<br>5. യൂറോളജി<br>6. ഗ്യാസ്ട്രോ എൻട്രോളജി<br>7. പീഡിയാട്രിക് സർജറി<br>8. കാർഡിയോളജി<br>**സ്പെഷ്യാലിറ്റി**<br>1. അനസ്തേഷ്യോളജി<br>2. നെഞ്ചുരോഗ വിഭാഗം<br>3. ഇ.എൻ.റ്റി<br>4. ജനറൽ മെഡിസിൻ<br>5. ജനറൽ സർജറി<br>6. സ്ത്രീരോഗവിഭാഗം<br>7. ഓഫ്താൽമോളജി<br>8. ഓർത്തോപീഡിക്സ്<br>9. പീഡിയാട്രിക്സ്<br>10. സൈക്യാട്രി<br>11. റേഡിയോളജി<br>12. ഡെർമറ്റോളജി |
| സി) നെഫ്രോളജി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | സി) നെഫ്രോളജി യൂണിറ്റ് ആരംഭിക്കുന്നതിലേയ്ക്കായി ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ആശുപത്രി ചെലവുകളിൽ എന്തെല്ലാം ഇളവുകളാണ് അനുവദിച്ചിട്ടുള്ളത്; | ഡി) ജനറൽ വാർഡിൽ അഡ്മിറ്റ് ചെയ്യപ്പെടുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് ആശുപത്രി ചെലവിൽ 20% ഇളവ് അനുവദിച്ചുവരുന്നു. ആശുപത്രിയുടെ ഭാഗമായ സഹകരണ ഹൃദയാലയത്തിൽ [illegible] |

നടത്തി വരുന്നുണ്ട്.

ഇ) കുറഞ്ഞ ചെലവിൽ ഹൃദ്രോഗ ചികിത്സ നടത്തുന്നതിന് ഇവിടെ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

ഇ) കേരളത്തിൽ ഹൃദ്രോഗ ചികിൽസാ രംഗത്ത് ചുരുങ്ങിയ ചെലവിൽ ചികിൽസ സഹകരണ ഹൃദയാലയത്തിൽ നൽകി വരുന്നു. വിശദാംശങ്ങൾ അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.

എഫ്) ടി മെഡിക്കൽ കോളേജിൽ ഏതെല്ലാം പ്രൊഫഷണൽ കോഴ്സുകളാണ് നടത്തുന്നത്?

എഫ്) പരിയാരം മെഡിക്കൽ കോളേജിൽ നടത്തിവരുന്ന പ്രൊഫഷണൽ കോഴ്സുകൾ ചുവടെ ചേർക്കുന്നു.

1. M.B.B.S
2. BDS
3. Bsc. Nursing
4. B.Pharm
5. General Nursing
6. Bsc.MLT
7. DMLT-Diploma in Medical Lab Technician
8. DRT-Diploma in Radiological Technician
9. DCVT-Diploma in Cardio Vascular Technician
10. DOTT-Diploma in Operation Theatre Technician
11. DDT-Diploma in Dialysis Technician
12. PG-General Medicine (MD)
13. PG-Dermetology (MD)
14. PG-Peadiatrics (MD)
15. ENT -DLO
16. DNB-General Medicine Anaesthesiology
17. DNB -OBG
18. DNB -Dermatology
19. DNB Community Medicine
20. Peadiatrics
21. ENT

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: <u>582</u>    29.03.2010 ൽ മറുപടിയ്ക്ക്

### <u>ആദിവാസികളുടെ പാരമ്പര്യകലകൾ സംരക്ഷിക്കാൻ നടപടി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജാജി മാത്യു തോമസ് :<br>ശ്രീ. എൻ. രാജൻ:<br>ശ്രീ. പള്ളിപ്രം ബാലൻ:<br>ശ്രീ. എ.കെ. ചന്ദ്രൻ:<br>ശ്രീ. കെ. അജിത് : | **ശ്രീ. എ.കെ. ബാലൻ**<br>പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി |
| (എ) പട്ടികജാതി-പട്ടികവർഗ്ഗ-ആദിവാസി വിഭാഗങ്ങളുടെ പാരമ്പര്യ കലകളും കൈത്തൊഴിലുകളും ചികിത്സാരീതികളും സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഇവയെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ ; | **(ബി)** പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നാടൻകലകളുടെ സംരക്ഷണത്തിനായി കിർടാഡ്സിന്റെ കീഴിലുള്ള ആദികലാ കേന്ദ്രം 'ഗദ്ദിക' എന്ന പരിപാടി എല്ലാ വർഷവും വിവിധ ജില്ലകളിൽ മാറിമാറി സംഘടിപ്പിയ്ക്കാറുണ്ട്. ഗോത്രവിഭാഗക്കാരുടെ അന്യം നിന്നുപോകുന്ന കലാരൂപങ്ങളും, അനുഷ്ഠാനകലകളും ആദികലാ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ അവതരിപ്പിക്കാറുണ്ട്.<br>ടി വിഭാഗക്കാരുടെ കൈത്തൊഴിൽ, കരകൗശല വൈദഗ്ദ്ധ്യം എന്നിവ സംരക്ഷിക്കുവാൻ കരകൗശല ശില്പശാലകൾ, ഗോത്ര സംസ്കൃതി പ്രദർശനം എന്നിവ കിർടാഡ്സ് എത്ത്നോളജിക്കൽ മ്യൂസിയത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് സംഘടിപ്പി |

ക്കുന്ന വിപണന പ്രദർശനമേളയോടനുബന്ധിച്ച് വംശീയ വൈദ്യ ക്യാമ്പ് എല്ലാ വർഷവും സംഘടിപ്പിക്കാറുണ്ട്. ഭാരത അന്താരാഷ്ട്ര വ്യാപാരമേളയോടനുബന്ധിച്ച് നടപ്പ് സാമ്പത്തിക വർഷം ഡൽഹിയിൽ വംശീയ വൈദ്യചികിത്സാ ക്യാമ്പുകൾ നടത്തിയിരുന്നു

(സി) വനത്തിനുള്ളിൽ താമസിക്കുന്നവർക്കുള്ള ക്ഷേമപദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ?

(സി) ഉണ്ട്.

വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കുവേണ്ടി പ്രത്യേക ക്ഷേമപദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. നടപ്പ് പഞ്ചവത്സര പദ്ധതിയിൽ വനംവകുപ്പ് മുഖേന ഇവരുടെ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിന് 10 കോടിരൂപ ചെലവഴിയ്ക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. 2009-2010 വർഷം ടി ഇനത്തിൽ 1.96 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 583 — 29.03.2010 - ൽ മറുപടിയ്ക്ക്

### ഇ.എം.എസ്.ഭവനവായ്പാ പദ്ധതിയിൽ സഹകരണ മേഖലയുടെ പങ്കാളിത്തം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.പി.ജയരാജൻ<br>ശ്രീ.കെവി.കുഞ്ഞിരാമൻ<br>ശ്രീ.സി.കെ.പി. പത്മനാഭൻ<br>ശ്രീ.ബി.രാഘവൻ | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) ഇ.എം.എസ്. ഭവനവായ്പാ പദ്ധതിയിൽ സഹകരണ മേഖലയുടെ പങ്കാളിത്തം വിശദീകരിക്കുമോ ; | (എ) സഹകരണപ്രസ്ഥാനത്തിന്റെ സാമൂഹ്യ പ്രതിബദ്ധത കണക്കിലെടുത്ത്, ഇ.എം.എസ് ഭവന പദ്ധതിയുടെ മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ വിജയത്തിനുമായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി പ്രോജക്ടുകൾക്ക് മതിയായ ഫണ്ട് ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ വായ്പ നൽകുന്നു. |
| (ബി) പദ്ധതി നടപ്പാക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾ എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട് ; | (ബി) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാനത്തെ സഹകരണസംഘങ്ങൾ/ബാങ്കുകൾ ഇതിനകം 1318.15 ലക്ഷം രൂപ വായ്പയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (സി) ഇ.എം.എസ് ഭവന പദ്ധതിക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യത്തിൽ ഏതെങ്കിലും ജില്ലാ സഹകരണ ബാങ്കുകൾ ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ടോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) എങ്കിൽ ഈ തടസ്സങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ? | (ഡി) ബാധകമല്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 584 29/3/2010-ൽ മറുപടിക്ക്

# പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ

ചോദ്യം

ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. സാജു പോൾ:
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. വിശ്വൻ :

മറുപടി

ശ്രീ. എ. കെ. ബാലൻ
പട്ടിക സമുദായ ക്ഷേമവും
ഊർജ്ജവും വകുപ്പു മന്ത്രി.

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് വ്യക്തമാക്കുമോ ; | (ബി) | 2007 -ലെ സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷന്റെ ആക്ടിലെ 9-ാം വകുപ്പ് അനുസരിച്ച് കമ്മീഷന് നിർണ്ണയിച്ച് നൽകിയിരിക്കുന്ന ചുമതലകൾ ചുവടെ ചേർക്കുന്നു.<br>എ) കേരളത്തിലെ പട്ടികജാതികളുടേയും പട്ടികഗോത്രവർഗ്ഗങ്ങളുടേയും ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി ഇൻഡ്യൻ ഭരണഘടനയിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻ കീഴിലോ സർക്കാരിന്റെ ഏതെങ്കിലും ഉത്തരവിൻ കീഴിലോ, വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധമായ സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തന രീതി അന്വേഷിക്കുകയും പരിശോധിക്കുകയും ചെയ്യുക;<br>ബി)കേരളത്തിലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും ഉള്ള അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതിനെപ്പറ്റി എടുത്തു പറയുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുകയും അത്തരം |

| | | | |
|---|---|---|---|
| | | | കാര്യങ്ങൾ ഉചിതമായ അധികാര<br>സ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു<br>വരികയും ചെയ്യുക ;<br>സി)പട്ടികജാതികളുടേയും പട്ടിക<br>ഗോത്ര വർഗ്ഗങ്ങളുടെയും സാമൂഹിക-<br>സാമ്പത്തിക വികസനത്തിനുള്ള<br>ആസൂത്രണ നടപടികളിൽ പങ്കെടു<br>ക്കുകയും ഉപദേശിക്കുകയും<br>സംസ്ഥാനത്ത് അവരുടെ വികസന<br>ത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി<br>വിലയിരുത്തുകയും ചെയ്യുക;<br>ഡി) പട്ടികജാതികളുടേയും<br>പട്ടികഗോത്ര വർഗ്ഗങ്ങളുടെയും<br>സംരക്ഷണത്തിനും ക്ഷേമത്തിനും<br>സാമൂഹിക-സാമ്പത്തിക പുരോഗ<br>തിക്കും ആവശ്യമായ സംരക്ഷണ<br>വ്യവസ്ഥകളും മറ്റ് നടപടികളും<br>ഫലവത്തായി നടപ്പാക്കുന്നതിനു<br>വേണ്ടി സർക്കാർ കൈക്കൊള്ളേണ്ട<br>തായ നടപടികളെ സംബന്ധിച്ച്<br>ശുപാർശകൾ നൽകുകയും<br>സർക്കാരിന്, വാർഷികമായോ<br>കമ്മീഷൻ യുക്തമെന്ന് കരുതുന്ന<br>പ്രകാരമുള്ള മറ്റ് സമയത്തോ,<br>റിപ്പോർട്ട് നൽകുകയും ചെയ്യുക;<br>ഇ) പട്ടികജാതികളുടേയും<br>പട്ടികഗോത്രവർഗ്ഗങ്ങളുടെയും<br>സംരക്ഷണവും ക്ഷേമവും<br>വികസനവും ഉന്നമനവുമായി<br>ബന്ധപ്പെട്ട് നിർണ്ണയിക്കപ്പെടുന്ന<br>പ്രകാരമുള്ള മറ്റ് ചുമതലകൾ<br>നിർവ്വഹിക്കുക;<br>എന്നാൽ മേൽ പറഞ്ഞിരിക്കുന്ന<br>ഏതെങ്കിലും കാര്യം ഇന്ത്യൻ<br>ഭരണഘടനയുടെ 338-ാം അനുച്ഛേ<br>ദത്തിൻ കീഴിൽ സ്ഥാപിച്ചിട്ടുള്ള,<br>പട്ടികജാതികൾക്കും പട്ടികഗോത്ര |

...3

| | | | |
|---|---|---|---|
| | | | വർഗ്ഗങ്ങൾക്കും വേണ്ടിയുള്ള ദേശീയ കമ്മീഷൻ കൈകാര്യം ചെയ്യുന്നുണ്ടെങ്കിൽ, അങ്ങനെയുള്ള കാര്യത്തിൽ പട്ടികജാതികൾക്കും പട്ടികഗോത്ര വർഗ്ഗങ്ങൾക്കും വേണ്ടിയുള്ള സംസ്ഥാന കമ്മീഷന് അധികാരം ഉണ്ടായിരിക്കുന്നതല്ല. |
| (സി) | കമ്മീഷന്റെ പ്രവർത്തനം എന്നാണ് ആരംഭിച്ചത് ; | (സി) | സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷന്റെ പ്രവർത്തനം 20.2.2008 ന് ആരംഭിച്ചു. |
| (ഡി) | ഇതുവരെ ഏതെല്ലാം ജില്ലകളിൽ കമ്മീഷൻ തെളിവെടുത്തു ; | (ഡി) | സംസ്ഥാനത്തെ പതിനാല് ജില്ലകളിലും തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. |
| (ഇ) | കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച് ആവശ്യമായ പ്രചരണം നടത്തുമോ ; | (ഇ) | പ്രചരണം നടത്തുന്നതാണ്. |
| (എഫ്) | കമ്മീഷന്റെ റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കുമെന്ന് വെളിപ്പെടുത്തുമോ ? | (എഫ്) | റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : **585** **29.03.2010** ൽ മറുപടിയ്ക്ക്

## വൈദ്യുതി ദുരുപയോഗം തടയാൻ ബോധവത്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. അബ്ദുറബ്ബ് | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |

(എ) വൈദ്യുതി ദുരുപയോഗം തടയാൻ എന്തെല്ലാം നടപടികളാണ് വൈദ്യുതി ബോർഡ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(എ) ഊർജ്ജസംരക്ഷണ പ്രവർത്തനം ശക്തമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വൈദ്യുത ഉപഭോഗത്തിൽ ഇപ്പോൾ കാണുന്ന വർദ്ധനവിന് ഒരു പ്രധാന കാരണമായി അനുമാനിക്കപ്പെടുന്നത് ആർഭാടത്തിനായി ഉപയോഗിക്കപ്പെടുന്ന വൈദ്യുതാലങ്കാരങ്ങളാണ്. ആയത് കഴിയുന്നതും ഒഴിവാക്കിയും അത്യാവശ്യത്തിന് ജനറേറ്റർ ഉപയോഗിച്ചും വൈദ്യുതി ബോർഡിനോട് സഹകരിക്കുവാൻ എല്ലാ വിഭാഗം ജനങ്ങളോടും അഭ്യർത്ഥിച്ചു കൊണ്ട് ഒരു പത്രക്കുറിപ്പ് ഇറക്കിയിരുന്നു. കൂടാതെ ഇലക്ട്രിസിറ്റി ബോർഡിലെ ഓഫീസർമാരെ ഉദ്ദേശിച്ച് ഒരു സർക്കുലർ ഇറക്കിയിട്ടുമുണ്ട്. ഒന്നരക്കോടി CFL പരി പാടിയിലൂടെ എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും അവർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 60 വാട്ടിന്റെ രണ്ട് സാധാരണ ബൾബിന് പകരമായി 14 വാട്ടിന്റെ രണ്ട് സി.എഫ്.എൽ. 30 രൂപക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കി വരികയാണ്.

(ബി) വൈദ്യുതി ദുരുപയോഗം ചെയ്യുന്നത് ഒഴിവാക്കാൻ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വൈദ്യുതി ദുരുപയോഗം ചെയ്യുന്നത് ഒഴിവാക്കാൻ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റേഡിയോ, ടെലിവിഷൻ മുതലായ മാധ്യമങ്ങൾ വഴി സിനിമാതാരങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വൈദ്യുതി പാഴാക്കാതെ

സൂക്ഷിക്കുക എന്ന സന്ദേശം നൽകുന്ന പരിപാടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുകൂടാതെ പത്രമാധ്യമങ്ങൾ വഴി വൈദ്യുതിയുടെ ദുരുപയോഗം തടയാൻ , അഭ്യർത്ഥിച്ചുകൊണ്ടുള്ള പത്രക്കുറിപ്പും പരസ്യങ്ങളും നൽകിയിട്ടുണ്ട്. വൈദ്യുതി ബോർഡിൻെറ സെക്ഷൻ തലത്തിൽ , റസിഡൻറ്സ് അസോസിയേഷൻ റിക്രിയേഷൻ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ മുതലായ സംഘടനകളുടെ സഹായത്തോടെ പ്രചരണപരിപാടികൾ സംഘടിപ്പിക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. വൈദ്യുതി ലാഭിക്കാൻ ഉള്ള വഴികൾ വിശദമാക്കുന്ന കുറിപ്പുകൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | വൈദ്യുതിവിതരണത്തിൽ വരുത്താനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (സി) | വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനും സാങ്കേതിക വാണിജ്യനഷ്ടം കുറയ്ക്കുന്നതിനും റീസ്ട്രക്ചേർഡ് ആക്സിലറേറ്റഡ് പവർ ഡവലപ്മെൻറ് ആൻറ് റിഫോർമ്സ് (R-APDRP) എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിൽ വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 2010-11 - ൽ പ്രസരണ വിതരണ നഷ്ടം കുറയ്ക്കാൻ 4063 കിലോമീറ്റർ 11.K.V. ലൈൻ നിർമ്മാണം, 5812 എണ്ണം വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, 4576 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആയി മാറ്റൽ തുടങ്ങിയ പ്രവർത്തികളും ഏറ്റെടുത്തിട്ടുണ്ട്. |
| (ഡി) | വൈദ്യുതി ഉൽപ്പാദനത്തിൽ വരുന്ന കുറവ് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (ഡി) | വൈദ്യുതി ഉൽപ്പാദനത്തിൽ സംസ്ഥാനത്ത് കുറവ് വന്നിട്ടില്ല. എന്നാൽ കഠിനമായ വേനൽച്ചൂടിൻെറയും മറ്റും ഫലമായി ക്രമാതീതമായി വർദ്ധിച്ച ഉപയോഗം, വരുന്ന കാലവർഷംവരെ നിറവേറ്റാൻ നിലവിലുള്ള ഉൽപ്പാദനം പര്യാപ്തമല്ല. ഈ |

സാഹചര്യത്തിൽ വൈദ്യുതി കമ്പോളത്തിൽ നിന്നും ഉയർന്ന നിരക്കിൽ ലഭ്യമാകുന്ന പരിമിതമായ വൈദ്യുതി ഉപയോഗപ്പെടുത്തി പ്രതിസന്ധി മറികടക്കാനാണ് ശ്രമിക്കുന്നത്.

ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ നടപ്പിലാക്കി വരുന്നതും (211.50 MW/645.58 Mu) തുടർന്നു നടപ്പിലാക്കാൻ ടെണ്ടർ ചെയ്തിട്ടുള്ളതും (83.75 MW/221.229Mu), 2010-11 വർഷത്തിൽ ടെണ്ടർ ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ (72.60 MW/174.287 Mu) പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

കൂടാതെ കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 1320 MW ശേഷിയുള്ള കൽക്കരി ഇന്ധനമായി ഉപയോഗിക്കുന്ന ഒരു പദ്ധതിയും, (1000 - 1100) MW ശേഷിയുള്ള പ്രകൃതിവാതകം ഉപയോഗിച്ചുള്ള പദ്ധതിയും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ബ്രഹ്മപുരത്തും 1000 MW - ന്റെ ഒരു പദ്ധതി പ്രകൃതിവാതകം ഉപയോഗിച്ച് നടപ്പിലാക്കാനും ലക്ഷ്യം വയ്ക്കുന്നു. കാറ്റിൽ നിന്നും ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും സ്വകാര്യ സംരംഭകർ കടന്നുവരുന്ന മുറയ്ക്ക് കൂടുതൽ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിൽ വരുത്താനും ലക്ഷ്യം വയ്ക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ് -

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 586 29.03.2010 ൽ മറുപടിയ്ക്ക്

## വൻകിട വ്യവസായങ്ങളുടെ വൈദ്യുതി ഉപഭോഗം നിയന്ത്രിക്കുന്നതിനും വെട്ടിപ്പ് തടയുന്നതിനും നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. സി. എം. ദിനേശ് മണി<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. എ. എം. യൂസഫ്<br>ശ്രീ. വി. ശശികുമാർ | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |

(എ) വൻകിട വ്യവസായങ്ങളുടെ വൈദ്യുതി ഉപഭോഗം നിയന്ത്രിക്കുന്നതിനും വൈദ്യുതി വെട്ടിപ്പ് തടയുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(എ) വൻകിട വ്യവസായങ്ങളുടെ വൈദ്യുതി ഉപഭോഗത്തിന് ഇപ്പോൾ നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. വൈദ്യുതിയുടെ ലഭ്യതയിൽ കാര്യമായ കുറവ് സംഭവിക്കുമ്പോഴോ വാങ്ങൽ വിലയിൽ ക്രമാതീതമായ വർദ്ധനവ് സംഭവിക്കുമ്പോഴോ ലോഡ്ഷെഡ്ഡിംഗ്, പവർകട്ട്, വൈദ്യുതി ഉപയോഗത്തിൽ നിയന്ത്രണം എന്നിവ നടപ്പാക്കാറുണ്ട്. 2008-09 ൽ താപവൈദ്യുതിയിൽ വന്ന അഭൂതപൂർവ്വമായ വിലക്കയറ്റത്തിന്റെ വെളിച്ചത്തിൽ തെർമ്മൽ സർച്ചാർജ്ജ്, നിർദ്ദിഷ്ട അളവിൽ അധികമായുള്ള ഉപയോഗത്തിന് മാർജിനൽ കോസ്റ്റ് എന്നീ സംവിധാനങ്ങളും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ നടപ്പിൽ വരുത്തിയിരുന്നു.

വൈകുന്നേരങ്ങളിൽ (പീക്ക് സമയത്ത്) വൈദ്യുതിയുടെ വിലയിൽ വരുന്ന വർദ്ധനവിനെ ആധാരമാക്കി 1998 മുതൽ ഇവയ്ക്ക് ഉയർന്ന വില ലഭിക്കും വിധം എച്ച്.ടി., ഇ.എച്ച്.ടി. ഉപഭോക്താക്കൾക്ക്

ടി.ഒ.ഡി. താരിഫ് സംവിധാനം നിലവിൽ വരുത്തി.

ടി.ഒ.ഡി. താരിഫ് പ്രകാരം ഒരു ദിവസത്തെ നോർമ്മൽ (രാവിലെ 6 മണി മുതൽ വൈകീട്ട് 6 മണി വരെ) എന്നും, പീക്ക് സമയം (വൈകീട്ട് 6 മണി മുതൽ രാത്രി 10 മണി വരെ) എന്നും, ഓഫ് പീക്ക് (രാത്രി 10 മണി മുതൽ രാവിലെ 6 മണി വരെ) എന്നും തരം തിരിച്ചിരിക്കുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻെറ 02.12.2009 ലെ ഉത്തരവു പ്രകാരം ഓഫ് പീക്ക് സമയത്തെ ഉപഭോഗത്തിന് ഡിമാൻറ് ചാർജ്ജ്, എനർജി ചാർജ്ജ് എന്നിവ യഥാക്രമം നോർമ്മൽ താരിഫിൻെറ 80% -വും 85% വുമാണ്. പീക്ക് സമയത്തെ ഉപഭോഗം നിരുൽസാഹപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി ഈ സമയങ്ങളിലെ ഡിമാൻറ് ചാർജ്ജ്, എനർജി ചാർജ്ജ് എന്നിവ യഥാക്രമം നോർമ്മൽ താരിഫിൻെറ 140% ഉം 130% വുമാണ്.

വൻകിട വ്യവസായങ്ങളുടെ വൈദ്യുതി വെട്ടിപ്പ് തടയുന്നതിനായി ബോർഡ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. നൂറ് ശതമാനം മീറ്ററുകളും സീൽ ചെയ്യുക
2. മെക്കാനിക്കൽ മീറ്ററുകൾ മാറ്റി ഇലക്ട്രോണിക്ക് മീറ്ററുകൾ സ്ഥാപിക്കുക
3. സെക്ഷൻ പരിധിയിൽ എനർജി ഓഡിറ്റ് നടത്തി അധികവ്യയം കണ്ടുപിടിക്കുക
4. സി.റ്റി. മീറ്ററുകൾ സ്റ്റീൽ കിയോസ്ക്കുകളിൽ സ്ഥാപിച്ച് സീൽ ചെയ്യുക
5. മൾട്ടിപ്ലിക്കേഷൻ ഫാക്റ്റർ രജിസ്റ്ററുകളിൽ രേഖപ്പെടുത്തുക
6. കൂടുതൽ പരിശോധനകൾ നടത്തി ക്രമക്കേട് കണ്ടുപിടിക്കുക
7. മോഷണ സാധ്യതയില്ലാത്ത മീറ്ററുകൾ മാത്രം വാങ്ങിയ്ക്കുക
8. ഉപഭോഗം കൂടിയ ഉപഭോക്താക്കളെ പ്രത്യേകം ശ്രദ്ധിക്കുക

| | | | |
|---|---|---|---|
| (ബി) | ഓട്ടോമേറ്റഡ് മീറ്റർ റീഡിംഗ് സമ്പ്രദായം ഉപയോഗപ്പെടുത്തി വൻകിട വ്യവസായങ്ങളിലെ വൈദ്യുതി ഉപഭോഗം കേന്ദ്രീകൃതമായി ശേഖരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; | (ബി) | ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിൽ എച്ച്.ടി/ഇ.എച്ച്.ടി ഉപഭോക്താക്കളുടെ വൈദ്യുതി ഉപഭോഗം ഓട്ടോമേറ്റഡ് മീറ്റർ റീഡിംഗ് സമ്പ്രദായം ഉപയോഗപ്പെടുത്തി കേന്ദ്രീകൃതമായി ശേഖരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നുണ്ട്. പ്രസ്തുത പദ്ധതി കേന്ദ്ര ഗവൺമെൻറ് ഫണ്ടുപയോഗിച്ചും തനതുഫണ്ടുപയോഗിച്ചും ആണ് നടപ്പിലാക്കുന്നത്. ആർ.എ.പി.ഡി.ആർ.പി സ്കീമിൽ വരുന്ന 43 ടൗണുകളിലെ ഉപഭോക്താക്കളുടെ ഓട്ടോമേറ്റഡ് മീറ്റർ റീഡിംഗ് സമ്പ്രദായം കേന്ദ്രഫണ്ടുപയോഗിച്ചും മറ്റു പ്രദേശങ്ങളിലേത് തനതുഫണ്ടുപയോഗിച്ചുമാണ് നടപ്പിലാക്കുന്നത്. സമയബന്ധിതമായ പദ്ധതി പൂർത്തിയാക്കുന്ന പക്ഷം കേന്ദ്ര ഫണ്ട് ഗ്രാൻറായി മാറുന്നതാണ്. വിവര സാങ്കേതികാധിഷ്ഠിതമായ മറ്റു സംവിധാനങ്ങളടക്കം ഏകദേശം 241 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുവാൻ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. |
| (സി) | വൈദ്യുതി ഫീഡറുകളിൽ എനർജി ഓഡിറ്റിംഗ് നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | എനർജി ഓഡിറ്റിനുവേണ്ടിയുള്ള മീറ്ററുകൾ ഫീഡറുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എ.പി.ഡി.ആർ.പി. പദ്ധതി പ്രകാരം ചെയ്തിട്ടുണ്ട്. എ.പി.ഡി.ആർ.പി പദ്ധതി മേഖലകളിൽ മാത്രമേ ഇപ്രകാരം മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളൂ. |

S. [signature]

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 587 — 29.03.2010 ൽ മറുപടിക്ക്

## സഹകരണ ബാങ്കുകളിൽ നിന്നും വായ്പ നൽകുന്നതിന് മാനദണ്ഡങ്ങൾ

**ചോദ്യം**

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
ശ്രീ. എം ഉമ്മർ

**മറുപടി**

ശ്രീ. ജി. സുധാകരൻ
(സഹകരണവും കയറും വകുപ്പുമന്ത്രി)

എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പ നൽകുന്നതിന് പുതിയ മാനദണ്ഡങ്ങൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

എ) സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും വിതരണം ചെയ്യുന്ന വിവിധയിനം വായ്പകളുടെ പരിധിയും, ഒരംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധിയും സംബന്ധിച്ച് മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചു കൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങൾ/ബാങ്കുകൾ വിതരണം ചെയ്യുന്ന ഹ്രസ്വകാല/മദ്ധ്യകാല കാർഷിക വായ്പകളുടെയും നബാർഡ് റീഫിനാൻസ് ലഭ്യമാക്കുന്ന ഹ്രസ്വകാല കാർഷിക വിള വായ്പകളുടെയും പരിധി 10 ലക്ഷം രൂപയായി സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി വർദ്ധിപ്പിക്കുന്നതിനും, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും വിതരണം ചെയ്യുന്ന കാർഷികേതര വായ്പകളുടെ പരിധി പരമാവധി 15 ലക്ഷം രൂപയായി വർദ്ധിപ്പിച്ചും, ജില്ലാ സഹകരണ ബാങ്കുകൾ വ്യക്തികൾക്ക് വിതരണം ചെയ്യാവുന്ന വായ്പകളുടെ പരിധി സി.എം.എ നോംസിന് വിധേയമായി 25 ലക്ഷം രൂപയായി വർദ്ധിപ്പിച്ചും സംസ്ഥാന സഹകരണ ബാങ്ക് നൽകുന്ന വായ്പയുടെ പരിധി സി.എം.എ. നോംസിനു വിധേയമായി ഒരു കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനും അനുമതി നൽകി സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയുടെ നിലവിലുള്ള സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗത്തിനും വായ്പാ വിതരണം സുഗമമാക്കുന്നതിനുമായി 25 കോടി രൂപവരെ നിക്ഷേപമുള്ള സംഘങ്ങൾ/ബാങ്കുകൾ ഒരു അംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധി 15 ലക്ഷം രൂപയായും 25 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള സംഘങ്ങൾ/ബാങ്കുകളിൽ ആയത് 25 ലക്ഷം രൂപയായും പരിഷ്ക്കരിച്ചു ത്തരവായിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | വായ്പകൾക്കുള്ള ജാമ്യവ്യവസ്ഥ ലഘൂകരിച്ചിട്ടുണ്ടോ; | ബി) | സഹകരണ സംഘങ്ങൾ/ബാങ്കുകൾ നിയമാനുസൃത ജാമ്യത്തിന്മേൽ ആയിരിക്കണം വായ്പ നൽകുന്നത് എന്ന് ഉറപ്പാക്കണമെന്നും, ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയുടെ സ്കെയിൽ ഓഫ് ഫിനാൻസ് നിബന്ധന പാലിക്കണമെന്നും സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ വായ്പാ വിതരണത്തിന് നബാർഡ് മാർഗ്ഗ നിർദ്ദേശം കൂടി കണക്കിലെടുക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പരമാവധി 50,000/- രൂപ വരെയുള്ള കാർഷിക വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിന്മേൽ നൽകാവുന്നതാണെന്നും, പ്രാഥമിക കാർഷിക വായ്പാ, സഹകരണ സംഘങ്ങൾ/ബാങ്കുകൾ, കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും നൽകുന്ന 50,000/- രൂപ മുതൽ 2 ലക്ഷം രൂപവരെയുള്ള കാർഷിക/കാർഷികേതര വായ്പകൾ വസ്തു ജാമ്യത്തിന്മേലോ, രണ്ടിൽ കുറയാത്ത കേന്ദ്ര/സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥൻമാരുടെ ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജാമ്യമായി സ്വീകരിച്ചോ നൽകാവുന്നതാണെന്നും, ശമ്പള ജാമ്യം സ്വീകരിക്കുമ്പോൾ മതിയായ ശമ്പളം, ജാമ്യം, സർട്ടിഫിക്കറ്റുകളുടെ കൃത്യത എന്നിവ ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. രണ്ട് ലക്ഷം രൂപയിൽ അധികരിച്ച എല്ലാത്തരം വായ്പകളും വസ്തു ഈടിന്മേലോ, മതിയായ മറ്റ് ജാമ്യം ഉറപ്പുവരുത്തിയോ മാത്രമേ നൽകാൻ പാടുള്ളുവെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. |
| സി) | **ജാമ്യക്കാരായി നിൽക്കുന്ന ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുമ്പോൾ വിവരം ബന്ധപ്പെട്ട വ്യക്തികളെ അറിയിക്കാൻ നടപടികൾ സ്വീകരിക്കുമോ;** | സി) | നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) | **അർബൻ ബാങ്കുകളിലെ 'ഗഹാൻ' രജിസ്ട്രേഷൻ നടപടികൾ ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ?** | ഡി) | ഗഹാൻ പദ്ധതി നിലവിൽ അർബൻ ബാങ്കുകൾക്ക് ബാധകമല്ല. എന്നാൽ ഗഹാൻ പദ്ധതി അർബൻ സഹകരണ ബാങ്കുകൾക്കു കൂടി ബാധകമാക്കുന്നത് സംബന്ധിച്ച് പുതിയ ഭേദഗതി നിർദ്ദേശങ്ങൾ പരിഗണിക്കുകയാണ്. പുതിയ ഭേദഗതി നിയമത്തിൽ ഇത് സംബന്ധിച്ച് വ്യവസ്ഥയുണ്ട്. |

Rajendran

**സെക്ഷൻ ഓഫീസർ**

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 588 29.03.2010 ൽ മറുപടിയ്ക്ക്

## ബചത്ത് ലാംബ് യോജന

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. യു. സി. രാമൻ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ആവിഷ്ക്കരിച്ച ബചത്ത് ലാംബ് യോജന സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; | (എ) 2010 മാർച്ച് 15-ാം തീയതി നിയമസഭാ മന്ദിരത്തിൽ വച്ച് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് സി.എഫ്.എൽ നൽകി കൊണ്ട് തുടക്കം കുറിച്ച ഒന്നരക്കോടി CFL പരിപാടിക്ക് 'ബജത് ലാമ്പ് യോജന' സ്കീം പ്രകാരമുള്ള കാർബൺ ക്രഡിറ്റ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) ഈ പദ്ധതി മുഖേന എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിന് എത്ര രൂപയുടെ ധനസഹായം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ; | (ബി) ഈ പദ്ധതി പ്രകാരം നിലവിലുള്ള എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും അവർ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന 60 വാട്ടിന്റെ രണ്ട് സാധാരണ ബൾബിന് പകരം 14 വാട്ടിന്റെ രണ്ട് സി.എഫ്.എൽ 30/- രൂപയ്ക്ക് നൽകുന്നതാണ്. ഇതിന് വേണ്ട സി.എഫ്.എൽ വാങ്ങുന്നതിന് ഉദ്ദേശം 95.94 കോടി രൂപയോളം ചെലവ് വരും. ഈ പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി സംസ്ഥാന ഗവൺമെന്റ് 40 കോടി രൂപ എനർജി മാനേജ്മെന്റ് സെന്ററിന് അനുവദിച്ചിട്ടുണ്ട്. ബാക്കി തുകയ്ക്കുള്ള (55.94 കോടി രൂപ) വായ്പാ സഹായം എനർജി മാനേജ്മെന്റ് സെന്റർ |

ആവശ്യപ്പെടുന്ന പക്ഷം കെ.എസ്.ഇ.ബി. നൽകുന്നതാണ്. കൂടാതെ ഊർജ്ജ ലാഭത്തെക്കുറിച്ചുള്ള ലഘുലേഖകളും വിതരണം ചെയ്യുന്നുണ്ട്. ഈ പരിപാടി നടപ്പിലാക്കുന്നതിന് സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിന്റെ ധനസഹായങ്ങളൊന്നും ലഭിച്ചിട്ടില്ല.

(സി) സി.എഫ്.എൽ. നൽകുന്നതിന് പകരം ഉപഭോക്താക്കളിൽ നിന്നും സ്വീകരിക്കുന്ന 60 വാട്സിന്റെ ബൾബുകൾ എന്ത് ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

(സി) പദ്ധതിക്ക് കാർബൺ ക്രഡിറ്റ് ലഭ്യമാക്കുന്നതിന് ശ്രമിച്ചുവരികയാണ്. അത് ലഭ്യമാകുകയാണെങ്കിൽ ഉപഭോക്താക്കളിൽ നിന്നും സ്വീകരിക്കുന്ന ബൾബുകൾ കാർബൺ ക്രെഡിറ്റിനുള്ള പ്രപ്പോസലുകൾ അംഗീകരിക്കുന്ന യുണൈറ്റഡ് നാഷൻസ് ഫ്രെം വർക് കൺവെൻഷൻ ഓൺ ക്ലൈമറ്റ് ചേഞ്ച് നിർദ്ദേശിക്കുന്ന പ്രകാരം പുനഃസംസ്കരണം ചെയ്ത് മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

[signature]

**സെക്ഷൻ ഓഫീസർ**

12-ാം കേരള നിയമസഭ
14-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 589 29.3.2010-ലെ മറുപടി

<u>ശ്രീചിത്തിരതിരുനാൾ എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി</u>

<u>ചോദ്യം</u>

ശ്രീ. ആർ. സെൽവരാജ്
ശ്രീമതി. ജെ.അരുന്ധതി
ശ്രീ. വി.ശിവൻകുട്ടി
ശ്രീ. വി.ജെ.തങ്കപ്പൻ
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

<u>ഉത്തരം</u>

ശ്രീ. ജോസ് തെറ്റയിൽ,
ഗതാഗത വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ശ്രീ.ചിത്തിരതിരുനാൾ എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ ) | പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>1. അന്തർദേശീയ നിലവാരത്തിനുള്ള ISO 9001:2000 സർട്ടിഫിക്കേഷൻ കരസ്ഥമാക്കിയിട്ടുള്ള ഈ കോളേജ് അതിന്റെ അടുത്ത ഘട്ടമായ ISO 9001:2008 സർട്ടിഫിക്കേഷൻ ലഭിക്കാനുള്ള തീവ്രശ്രമത്തിലാണ്. പ്രസ്തുത പരിശ്രമത്തിന്റെ ഭാഗമായി അന്തർദേശീയ സർട്ടിഫിക്കേഷൻ ഏജൻസിയായ Moody International Certification Ltd. എല്ലാ ജീവനക്കാർക്കും വേണ്ടി ഒരു ഏകദിന ബോധവത്കരണ സെമിനാർ നടത്തുകയുണ്ടായി.<br>2. നിലവിൽ ആറ് ഡിഗ്രി കോഴ്സുകളുള്ള ഈ കോളേജിൽ ഒരു ബിരുദാനന്തര ബിരുദ കോഴ്സ് (M.Tech Machine Design) 2009-10 അദ്ധ്യയന വർഷത്തിൽ ആരംഭിച്ചു. കൂടാതെ രണ്ടു എം.ടെക്ക് കോഴ്സുകളും, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ഒരു ഡിഗ്രി കോഴ്സും 2010-11 വർഷത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചുവരുന്നു.<br>3. കോളേജിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ എ.ഐ.സി.റ്റി.ഇ നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള അദ്ധ്യാപക അനുപാതം പാലിക്കുന്നതിലേക്കായി, ഒഴിവുള്ള പ്രൊഫസർ തസ്തികകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുകയും അതിന്റെ നിയമനനടപടികൾ അവസാന ഘട്ടത്തിലുമാണ്.<br>4. ലോകബാങ്ക് സഹായത്തോടെ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ TEQUIP (Technical Education Quality Improvement Programme) പദ്ധതി മുഖേന കോളേജിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞു. 2010-11 സാമ്പത്തിക വർഷം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി കൂടുതൽ വികസന പ്രവർത്തനങ്ങൾ കോളേജിൽ നടപ്പിൽ വരുത്തുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. ഈ പദ്ധതി മുഖേന ലാബുകളുടെ വികസനം, അടിസ്ഥാന സൗകര്യ വികസനം, അദ്ധ്യാപക വൈജ്ഞാനിക വികസന പരിപാടികൾ എന്നിവയാണ് പ്രധാനമായും നടത്തി വരുന്നത്.<br>5. ഈ കോളേജിലെ വിവിധ ലാബുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവയുടെ നവീകരണത്തിനും വികസനത്തിനുമായി 2010-11 സാമ്പത്തിക വർഷ ബഡ്ജറ്റിൽ ഒരു കോടി പതിനഞ്ചു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>6. കോളേജ് ഓഫീസിന്റെ ഭരണ നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ നിന്നും ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷനിൽ നിയമിച്ചു.<br>7. കോളേജിനും വിദ്യാർത്ഥികൾക്കും പ്രയോജനകരമാകുംവിധം കോളേജ് കോമ്പൗണ്ടിൽ പാപ്പനംകോട് പോസ്റ്റ് ഓഫീസ് പ്രവർത്തനം ആരംഭിച്ചു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കോളേജിൽ പുതുതായി ഏതെല്ലാം കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്; | (ബി) | നടപ്പുവർഷത്തിൽ (2009-10) കോളേജിൽ മെക്കാനിക്കൽ വകുപ്പിൽ എം.ടെക്ക് കോഴ്സ് ആരംഭിച്ചു. |
| (സി) | തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് പ്രസ്തുത കോളേജിൽ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (സി) | ഈ കോളേജിന്റെ തുടർ വിദ്യാഭ്യാസ കേന്ദ്രമായ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ കീഴിൽ തൊഴിൽ രഹിതരായ യുവാക്കൾക്കു വേണ്ടിയും, അഭ്യസ്ത വിദ്യരായ വീട്ടമ്മമാർക്കു വേണ്ടിയും നിരവധി കോഴ്സുകൾ നടത്തപ്പെടുന്നുണ്ട്. |
| (ഡി) | പ്രസ്തുത കോളേജിൽ വിവിധ കോഴ്സുകളിലേക്ക് കെ.എസ്.ആർ.ടി.സി യിലെ തൊഴിലാളികളുടെ മക്കൾക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ മക്കൾക്ക് ബിരുദ കോഴ്സുകളിൽ 10% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഇ ) | പ്രസ്തുത കോളേജിലെ പഠന നിലവാരം മെച്ചപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ ) | ഉണ്ട്.<br><br>മുൻകാലങ്ങളിൽ നിരവധി ഒന്നാം റാങ്കുകൾ യൂണിവേഴ്സിറ്റി തലത്തിൽ കരസ്ഥമാക്കിയ ഈ കോളേജിന് 2009-ലും തിളക്കമാർന്ന നേട്ടം തന്നെ കൈവരിക്കാനായി . മൂന്ന് ഒന്നാം റാങ്കുകളാണ് ഈ കാലയളവിൽ വിദ്യാർത്ഥികൾ കരസ്ഥമാക്കിയത്. വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും കോളേജിന്റെ പ്ലേസ്മെന്റ് യൂണിറ്റായ കരിയർ ഗൈഡൻസ് & പ്ലേസ്മെന്റ് യൂണിറ്റ് (സി.ജി.പി.യു) വഴി വിവിധ കമ്പനികളിൽ പഠന കാലയളവിൽ തന്നെ ഉദ്യോഗം ലഭിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ . **590** — 29.03.2010 - ലെ മറുപടിയ്ക്ക്

### വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം :<br>,, കെ. വി. അബ്ദുൾ ഖാദർ:<br>,, മഞ്ഞളാംകുഴി അലി :<br>,, പി. ടി. എ. റഹീം :<br>,, വി. ശശികുമാർ : | ഡോ. ടി. എം. തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പ് മന്ത്രി)<br>ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) 01.04.2009 - ൽ 60 വയസ് പൂർത്തിയാക്കിയ അംഗങ്ങൾക്ക് ഇന്ത്യയിൽ ആദ്യമായി പെൻഷൻ പദ്ധതി നടപ്പിലാക്കി. പെൻഷൻ ഉൾപ്പെടെയുള്ള സമഗ്ര സുരക്ഷാ പാക്കേജ് നടപ്പിലാക്കുന്നതിനായി അഞ്ച് കോടി രൂപയും ബഡ്ജറ്റ് വിഹിതമായി ഒരു കോടി രൂപയും 2009-2010 വർഷത്തിൽ അനുവദിച്ചു. 01.04.2009 മുതൽ അംഗങ്ങളുടെ മരണാനന്തര ആനുകൂല്യ തുക വർദ്ധിപ്പിച്ചിട്ടുണ്ട്. ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഓഫീസ് കമ്പ്യൂട്ടർ വത്ക്കരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; | (ബി) അംഗങ്ങളുടെ ചികിത്സാ സഹായത്തിനും, സ്ഥാപനങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഒരു |

| | | | |
|---|---|---|---|
| | | | ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസം, വിവാഹം തുടങ്ങിയവക്ക് വായ്പ അനുവദിക്കുന്നതിനുള്ള ബൃഹത്തായ ഒരു പദ്ധതിയും ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവിൽ വിഭാവന ചെയ്തിട്ടുണ്ട്. |
| (സി) | **ക്ഷേമനിധിയിൽ ഇതിനകം എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്;** | (സി) | ക്ഷേമനിധിയിൽ 28.02.2010 വരെ 80115 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | **ഈ വർഷം ക്ഷേമനിധി ബോർഡിലേക്ക് സർക്കാർ വിഹിതമായി എത്ര കോടി രൂപ അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ;** | (ഡി) | ഈ വർഷം ആറു കോടി രൂപ സർക്കാർ വിഹിതമായി അനുവദിച്ചിട്ടുണ്ട്. |
| (ഇ) | **ക്ഷേമനിധി പദ്ധതി കൂടുതൽ ആകർഷകമാക്കാൻ നടപടി സ്വീകരിക്കുമോ?** | (ഇ) | ഇക്കാര്യം പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 591 — 29.03.2010 ൽ മറുപടിക്ക്

## സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക നിവാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എം.എം. മോനായി<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പുമന്ത്രി) |
| എ) സഹകരണ ക്രെഡിറ്റ് സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുകയും എന്നാൽ പലവിധ കാരണങ്ങളാൽ തിരിച്ചടയ്ക്കാൻ കഴിയാതെ കടക്കെണിയിലാവുകയും ചെയ്ത വായ്പക്കാർക്കായി ഈ സർക്കാർ എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിച്ചത്; | എ) 2007-08 ധനാഭ്യർത്ഥന ചർച്ചയിൽ പ്രഖ്യാപിച്ച 'സഹകരണ നവരത്നം കേരളീയം' പദ്ധതിയുടെ ഭാഗമായ 'കുടിശ്ശിക നിവാരണം-ശതശതമാനം-നഷ്ട നിവാരണം' പദ്ധതി പ്രകാരം സഹകരണ ക്രെഡിറ്റ് സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ വന്ന വായ്പക്കാർക്ക് പലിശയിൽ ഇളവും പിഴപ്പലിശ, നോട്ടീസ് ചാർജ്, മറ്റ് ചെലവുകൾ എന്നിവ പൂർണ്ണമായും ഒഴിവാക്കി വായ്പത്തുക അടച്ച് തീർക്കുവാൻ അവസരം നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേകം അപേക്ഷിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് ഇതിനു പുറമേ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അനുവാദം നൽകി വരുന്നുമുണ്ട്. അപേക്ഷകർക്ക് കാർഷിക കടാശ്വാസ നിയമ പ്രകാരം ആശ്വാസം നൽകി വരുന്നു. |
| ബി) ഈ ഇനത്തിൽ എത്ര രൂപയുടെ ഇളവുകൾ അനുവദിച്ചു; | ബി) ശതശതമാനം-കുടിശ്ശിക നിവാരണം പദ്ധതി പ്രകാരം പലിശ, പിഴപലിശ, നോട്ടീസ് ചാർജ്ജ്, മറ്റ് ചെലവുകൾ എന്നീ ഇനങ്ങളിലായി 2008-ൽ 98.59 കോടി രൂപയും 2009-ൽ 76.56 കോടി രൂപയും 2010-ൽ 12.74 കോടി രൂപയും അടക്കം ആകെ 187.89 കോടി രൂപയുടെ ഇളവുകൾ വായ്പക്കാർക്ക് അനുവദിച്ചു. |

| | | | |
|---|---|---|---|
| സി) | എല്ലാ വർഷവും ഒരു നിശ്ചിത മാസം കുടിശ്ശിക നിവാരണമാസമായി ആച രിക്കുകയും പ്രത്യേക ഇളവുകൾ പ്രഖ്യാപിക്കുകയും ചെയ്യുന്നത് മൂലം സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശി കയിൽ എന്തുമാത്രം കുറവ് ഉണ്ടായിട്ടു ണ്ടെന്ന് വിശദീകരിക്കുമോ? | സി) | 2008 വർഷത്തിൽ മൊത്തം കുടിശ്ശിക തുകയായ 5514.53 കോടി രൂപയിൽ 1290.17 കോടി രൂപ പിരിച്ചെടുത്തത് വഴി കുടിശ്ശിക 4224.36 കോടി രൂപയായും, 2009 വർഷത്തിൽ മൊത്തം കുടിശ്ശിക തുകയായ 7860.73 കോടി രൂപയിൽ 1072.61 കോടി രൂപ പിരിച്ചെടുത്തത് മൂലം കുടിശ്ശിക 6788.12 കോടിയായി കുറയുക യുണ്ടായി. 2010 വർഷത്തിൽ മൊത്തം കുടിശ്ശിക തുകയായ 6707.86 കോടി രൂപ യിൽ 406.37 കോടി രൂപ നാളിതുവരെ പിരിച്ചെടുത്തത് മൂലം കുടിശ്ശിക 6301.49 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. ഇതു മൊത്തം വായ്പാനിൽപിന്റെ 16.57% ആണ്. |

Rajasekharan

സെക്ഷൻ ഓഫീസർ

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 592 29.03.2010

# വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടും അനുബന്ധിച്ച് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) ഉണ്ട്. കൂടാതെ 7 യൂണിവേഴ്സിറ്റികളോടനുബന്ധിച്ച് 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകളും പ്രവർത്തിക്കുന്നുണ്ട്. ഒരു എംപ്ലോയ്മെന്റ് ഓഫീസറുടെ മേൽനോട്ടത്തിലാണ് ഈ യൂണിറ്റുകൾ പ്രവർത്തിക്കുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാൻ വരുന്ന ഉദ്യോഗാർത്ഥികൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക, സമൂഹചർച്ചകൾ സംഘടിപ്പിക്കുക, സ്കൂളുകളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും സന്ദർശിച്ച് കരിയർ പ്രഭാഷണങ്ങൾ സംഘടിപ്പിക്കുക, മൽസരപ്പരീക്ഷകളിൽ പങ്കെടുക്കുന്നവർക്കായി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക, ആനുകാലികങ്ങളിൽ വരുന്ന തൊഴിലവസരങ്ങൾ സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുക തുടങ്ങിയവയാണ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളിൽ പ്രധാനമായും ചെയ്തു വരുന്നത്. |

| | |
|---|---|
| (ബി) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്; | (ബി) വൊക്കേഷണൽ ഗൈഡൻസ് യൂണിററുകൾ ഇപ്പോൾ ലഭ്യമായിട്ടുളള പരിമിതമായ സൗകര്യങ്ങൾ ഉപയോഗിച്ച് സ്വന്തമായിട്ടാണ് മാർഗ്ഗനിർദ്ദേശപരിപാടികൾ നിർവ്വഹിക്കുന്നത്. പലപ്പോഴും സന്നദ്ധസംഘടനകളുടേയും സാംസ്കാരികസംഘടനകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണം പ്രാദേശികമായി തേടാറുണ്ട്. |
| (സി) മൽസരപരീക്ഷകൾക്കായി ഉദ്യോഗാർത്ഥികളെ സജ്ജരാക്കുന്നതിനുവേണ്ടി ഈ യൂണിററുകൾ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) വൊക്കേഷണൽ ഗൈഡൻസ് പ്രോഗ്രാമിന്റെ ഭാഗമായി തൊഴിലവസരങ്ങളെക്കുറിച്ചും തൊഴിൽനില, ഉപരിപഠനം, പരിശീലനസൗകര്യങ്ങൾ, സ്കോളർഷിപ്പ് പദ്ധതികൾ എന്നിവയെക്കുറിച്ചും പ്രതിപാദിക്കുന്ന പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ഡി) 2008-09 വർഷങ്ങളിൽ പ്രാദേശിക ഭാഷയിൽ തൊഴിൽകാര്യസാഹിത്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിലേയ്ക്ക് വകയിരുത്തിയിട്ടുളള തുകയിൽനിന്ന് കൂടുതൽ കോഴ്സുകളെ സംബന്ധിച്ചുളള പ്രസിദ്ധീകരണങ്ങൾ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ

14-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 593 29.03.2010 -ലെ മറുപടി

**മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. പ്രൊഫ.സി. രവീന്ദ്രനാഥ്.<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. വി. ശിവൻകുട്ടി. | ശ്രീ. ജോസ് തെറ്റയിൽ<br>ഗതാഗത വകുപ്പുമന്ത്രി |
| (എ) മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സ്പീഡ് ക്യാമറകൾ അൽക്കോ മീറ്ററുകൾ, റിഫ്ളക്ടീവ് ജാക്കറ്റുകൾ, റിഫ്ള ക്ടീവ് ബാറ്റൺ, തുടങ്ങിയ റോഡ് സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനായി ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ "മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ" എന്ന ഒരു പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ തുടക്കത്തിൽ പരീക്ഷണാർത്ഥം 3 സ്ഥലത്തു മാത്രമാണ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്നതെങ്കിലും പിന്നീട് സംസ്ഥാനത്തൊട്ടാകെ കൂടുതൽ സ്ഥലങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുവാനായി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഓഫീസുകൾക്കും വാഹനങ്ങൾ നൽകുകയും കൂടുതൽ റഡാറുകളും ഇന്റർസെപ്റ്ററുകളും വാങ്ങുന്നതിനുമുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കുള്ള പരിശീലനവും നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | റോഡ് സുരക്ഷയ്ക്കായി ആട്ടോമേഷൻ എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഓട്ടോമേഷൻ എൻഫോഴ്സ്മെന്റ് എന്നൊരു വിഭാഗം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നില്ല. എന്നാൽ എൻഫോഴ്സ്മെന്റ് നടപടികൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനാണ് പദ്ധതിയിട്ടിരിക്കുന്നത്. |
| (സി) | എങ്കിൽ ഇതു മൂലം കൈവരിക്കാനാവുന്ന നേട്ടങ്ങൾ വിശദമാക്കുമോ; | (സി) | എൻഫോഴ്സ്മെന്റ് നടപടികൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിലൂടെ വയർലെസ്സ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടുപിടിക്കുന്നതാണ് "എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ആട്ടോമേഷൻ" എന്ന പദ്ധതികൊണ്ട് വകുപ്പ് പ്രധാനമായും ലക്ഷ്യമാക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട വിവിധ റോഡുകളിൽ സ്ഥാപിക്കുന്ന ക്യാമറകൾ വഴി ട്രാഫിക് നിയമങ്ങൾ തെറ്റിക്കുന്ന വാഹനങ്ങളുടെ വേഗത, രജിസ്ട്രേഷൻ നമ്പർ തുടങ്ങിയവ പകർത്തുകയും പ്രസ്തുത വിവരം ഒരു നിരീക്ഷണ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുന്നു. ടി കേന്ദ്രത്തിലെ സെർവ്വറിൽ വിവരണങ്ങളും വീഡിയോകളും ശേഖരിച്ചുവയ്ക്കുന്നതിനും എൻഫോഴ്സുമെന്റ് ഓഫീസർമാർക്ക് വിവരങ്ങൾ ഉടൻ കൈമാറുന്നതിനും നിയമലംഘനം നടത്തിയവരെ കണ്ടുപിടിക്കാനും കഴിയും. ട്രാഫിക് നിയമം തെറ്റിക്കുന്നവർക്ക് അവരുടെ ലംഘനത്തിന്റെ വിശദ വിവരങ്ങളടങ്ങുന്ന കമ്പ്യൂട്ടർ പ്രിന്റൗട്ട് അയച്ചു കൊടുക്കാനും പ്രസ്തുത സംവിധാനത്തിലൂടെ കഴിയുന്നതാണ്. എൻഫോഴ്സ്മെന്റ് ഓഫീസർമാർക്ക് എല്ലാത്തരം പിഴകളുടെയും വിശദ വിവരങ്ങൾ അപ്പപ്പോൾ അറിയുവാൻ കഴിയുന്നതാണ്. പൊതുവേ സർക്കാരിന്റെ എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെ സമഗ്രമായ ഒരു ആധുനികവൽക്കരണം ടി പദ്ധതിയിലൂടെ ശക്തിപ്പെടുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത വിഭാഗത്തിന്റെ വാഹന പരിശോധന മൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | വാഹന പരിശോധനമൂലം റോഡ് ഉപയോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുകയെന്നതാണ് എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ പദ്ധതിയുടെ പ്രധാന ഉദ്ദേശം. പ്രത്യേക സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ വഴിയാണ് ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്തുന്നത് എന്നതിനാൽ പൊതുജനങ്ങൾക്ക് പരിശോധന മൂലം ബുദ്ധിമുട്ടുകൾ ഉണ്ടാകുകയില്ല. |
| (ഇ) | അപകട സാധ്യതയുള്ള റോഡുകളിലും പ്രധാന ജംഗ്ഷനുകളിലും ഗതാഗതം നിയന്ത്രിക്കുന്നതിന് റഡാർ സർവെയിലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഇ) | ഉണ്ട്. നടപ്പു സാമ്പത്തിക വർഷം വാർഷിക പദ്ധതിയുടെ ഭാഗമായി 100 ലക്ഷം രൂപ റഡാർ സർവയിലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സർക്കാർ അനുവദിക്കുകയും പ്രസ്തുത പദ്ധതി "എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഓട്ടോമേഷൻ" എന്ന പദ്ധതിയോടൊപ്പം നടപ്പിലാക്കുന്നതിനായി കെ.എസ്.ഐ.ടി.എമ്മിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രണ്ടു ഘട്ടങ്ങളിലായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ നഗരങ്ങളിലായി തെരഞ്ഞെടുത്ത 15 സ്പോട്ടുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.594.** **29.03.2010-ൽ മറുപടിക്ക്**

### ആഭരണ നിർമ്മാണ തൊഴിലാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ടി.പി.കുഞ്ഞുണ്ണി**<br>**ശ്രീ. സാജു പോൾ**<br>**ശ്രീ. ബി.ഡി.ദേവസ്സി**<br>**ശ്രീ.വി.എൻ.വാസവൻ** | **ശ്രീ. പി. കെ. ഗുരുദാസൻ**<br>**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്തെ ആഭരണ നിർമ്മാണ തൊഴിലാളികളുടെ പ്രശ്നങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ വിഭാഗം തൊഴിലാളികളുടെ ക്ഷേമബോർഡ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ബോർഡിന്റെ ഘടന വ്യക്തമാക്കുമോ; | (ബി) 'കേരള ആഭരണ നിർമ്മാണ തൊഴിലാളി ക്ഷേമപദ്ധതി' രൂപീകരണം അന്തിമഘട്ടത്തിലാണ്. പദ്ധതി രൂപികരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം ബോർഡ് രൂപീകരിക്കുന്നതാണ്. |
| (സി) ആഭരണ നിർമ്മാണത്തൊഴിലാളികളുടെ തൊഴിൽ സ്ഥിരത ഉറപ്പുവരുത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (സി) ആഭരണ നിർമ്മാണ തൊഴിലാളികളുടെ തൊഴിൽ സ്ഥിരത ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ പരിശോധനാ വേളകളിൽ ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സ്വീകരിക്കാറുണ്ട്. |
| (ഡി) ആഭരണ നിർമ്മാണത്തൊഴിലാളികൾക്ക് മിനിമംകൂലി പ്രഖ്യാപിച്ചി- | (ഡി) ഉണ്ട്. 07.10.2009 ലെ ജി.ഒ(എം.എസ്) നമ്പർ 134/2009/തൊഴിൽ നമ്പർ |

ട്ടുണ്ടോ; എങ്കിൽ എത്രയാണ്; ഇത് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

പ്രകാരം ആഭരണ നിർമ്മാണ തൊഴിലാളികളുടെ മിനിമം കൂലി പ്രഖ്യാപിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) ആയത് നടപ്പിൽ വരുത്തുന്നുണ്ട് എന്ന് ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധനാ വേളകളിൽ ഉറപ്പുവരുത്താറുണ്ട്.

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : **595** — 29.03.2010- ലെ മറുപടിക്ക്

## കേന്ദ്രത്തിനു സമർപ്പിച്ച പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**<br>**ശ്രീ. ജി. കാർത്തികേയൻ** | **ശ്രീ. ജി. സുധാകരൻ**<br>**(സഹകരണവും കയറും വകുപ്പു മന്ത്രി)** |
| **(എ)** കയർ മേഖലയുടെ വികസനത്തിനായി കേന്ദ്രത്തിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ച പദ്ധതികൾ നടപ്പാക്കുന്നതിന് എന്തു ചെലവു വരും എന്നു വ്യക്തമാക്കുമോ; | **(എ)** ഏകദേശം 35 കോടി രൂപയുടെ പ്രൊപ്പോസലാണ് സമർപ്പിച്ചിട്ടുള്ളത്. ഇതിൽ റിബേറ്റ് പദ്ധതി പുനസ്ഥാപിക്കുന്നതിന്റെ തുക, ട്രാൻസ്പോർട്ടേഷൻ സബ്സിഡി എന്നിവ ഉൾപ്പെട്ടിട്ടില്ല. |
| **(ബി)** ഈ പദ്ധതികൾ അംഗീകരിക്കുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളെടുത്തു; വിശദാംശം ലഭ്യമാക്കുമോ? | **(ബി)** സംസ്ഥാനത്തെ സഹകരണം, കയർ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സ്പെഷ്യൽ സെക്രട്ടറി (കയർ), കയർ വികസന ഡയറക്ടർ, ഡയറക്ടർ, നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവർ ഉൾപ്പെട്ട പ്രതിനിധി സംഘം Sri. Dinsha.J. Patel, Union Minister for State Micro, Small & Medium Enterprises - ന് നിവേദനം നൽകിയിട്ടുണ്ട്. നിരന്തരമായി കേന്ദ്രസർക്കാരിന് അഭ്യർത്ഥനകൾ അയയ്ക്കുന്നുണ്ട്.<br><br>**സെക്ഷൻ ഓഫീസർ** |

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 596

29/03/2010 ലെ മറുപടിയ്ക്ക്.

## ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്

| ചോദ്യം<br>ശ്രീ. കെ.ബാബു<br>ശ്രീ. ജോർജ് മേഴ്സിയർ | ഉത്തരം<br>ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിലുള്ള കമ്മിറ്റി കൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ ; | (എ) കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ കൊല്ലം, പത്തനംതിട്ട ജില്ലാ കമ്മിറ്റികൾ സാമ്പത്തിക നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) ഇക്കഴിഞ്ഞ രണ്ടു വർഷത്തിനു-ള്ളിൽ പ്രസ്തുത ബോർഡിന്റെ കീഴിലുള്ള എത്ര കമ്മിറ്റികൾ പിരിച്ചുവിട്ടു ;<br>(സി) അതിനുള്ള കാരണമെന്താണ് ; | (ബി) & (സി) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ബോർഡിന്റെ കമ്മിറ്റികളൊന്നും തന്നെ പിരിച്ചുവിട്ടിട്ടില്ല. എന്നാൽ ബോർഡിന് കീഴിൽ നിലവിലുണ്ടായിരുന്ന ലോക്കൽ കമ്മിറ്റികളിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ഒഴികെയുള്ള 34 ലോക്കൽ കമ്മിറ്റികളെ 14 ജില്ലാ കമ്മിറ്റികളായി പുന:സംഘടിപ്പിച്ചിട്ടുണ്ട്. |
| (ഡി) ചുമട്ടു തൊഴിലാളി ക്ഷേമ പദ്ധതി ചിലയിടങ്ങളിൽ പിൻവലിക്കാൻ ഉദ്ദേശ്യമുണ്ടോ ; | (ഡി) ഇല്ല. |
| (ഇ) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (ഇ) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 29.03.2010- ലെ
നിയമസഭാ ചോദ്യം നമ്പർ : 597 മറുപടിക്ക്

## കയറുല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ.എം. ആരിഫ്**<br>**ശ്രീ. ആനത്തലവട്ടം ആനന്ദൻ**<br>**ശ്രീ. സി.കെ. സദാശിവൻ**<br>**ശ്രീ. പി. വിശ്വൻ**<br>**ശ്രീ. എം.കെ. പുരുഷോത്തമൻ** | **ശ്രീ. ജി. സുധാകരൻ**<br>**(സഹകരണവും കയറും വകുപ്പു മന്ത്രി)** |
| (എ) കയറുല്പന്നങ്ങളുടെ വൈവിധ്യ വൽക്കരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ)<br>I. കയർപിരി സംഘങ്ങളെ ഉൽപ്പാദക സംഘങ്ങളാക്കി മാറ്റുന്നതിലേയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളിലെ തൊഴിലാളികൾക്ക് കയർ ഭൂവസ്ത്ര പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പരിശീലനം ലഭിച്ച തൊഴിലാളികൾ ഉള്ള സംഘങ്ങളെ ഉൽപ്പാദക സംഘങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>II. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ വച്ച് എൻ സി ആർ എം ഐ യുടെ ആഭിമുഖ്യത്തിൽ തൊഴിലാളികൾക്ക് പരമ്പരാഗത കയർ ഉൽപ്പന്നങ്ങളായ മർസൂക് കാർപെറ്റ്, ഫൈബർ മാറ്റ്സ്, ഫെൻഡർ എന്നിവ നിർമ്മിക്കുന്നതിൽ വിദഗ്ദ്ധ പരിശീലനം നൽകി വരുന്നു.<br><br>III. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ സങ്കര യാൺ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾസ്വീകരിച്ചിട്ടുണ്ട്. ഈ ഫാക്ട റിക്കായി 70 ലക്ഷം രൂപ അനുവദിച്ചു.<br><br>IV. ഫോം മാറ്റിംഗ്സിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ കയറു പായ |

| | |
|---|---|
| | ഉപയോഗിച്ച് കയർ കോമ്പസിറ്റ് ബോർഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ഫാക്ടറിയുടെ 13.12 കോടി രൂപയുടെ പ്രോജക്ട് സർക്കാർ അംഗീകരിച്ചു.<br><br>V. ആലപ്പുഴ കയർ ക്ലസ്റ്റർ ഡവലപ്മെന്റ് സൊസൈറ്റിയും കയർഫെഡും സംയുക്തമായി കയർഫെഡിന്റെ ഉടമസ്ഥതയിൽ PVC tufted ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>VI. വൈവിദ്ധ്യവൽക്കരണത്തിനാവശ്യമായ ഡിസൈൻസെന്റർ NID യുടെ സഹായത്തോടെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>VII. നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI) ന്റെ ആഭിമുഖ്യത്തിൽ കയർ ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ആധുനിക രീതിയിലുള്ള ഉല്പാദനക്ഷമതയുള്ള സ്പിന്നിംഗ് മെഷീനുകൾ ചിറയിൻകീഴ്, ചേർത്തല, കൊയിലാണ്ടി എന്നിവിടങ്ങളിലെ കയർ സഹകരണ സംഘങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിപ്പിച്ചുവരുന്നു.<br><br>VIII. NCRMI വികസിപ്പിച്ചെടുത്ത കയർ പിത്ത് ഉപയോഗിച്ചുകൊണ്ടുള്ള ചപ്പലും ഉയർന്ന റണ്ണേജ് ഉപയോഗിച്ചു നിർമ്മിക്കുന്ന ബാഗും വ്യവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| **(ബി)** കയർ മേഖലയുടെ ആധുനികവൽക്കരണത്തിനായി കയർ യന്ത്ര നിർമ്മാണ ഫാക്ടറി ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | **(ബി)** ആലപ്പുഴയിൽ കയർ മേഖലയ്ക്കാവശ്യമായ യന്ത്ര സാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| **(സി)** കയർ പരവതാനി വ്യവസായ ത്തിനായി കയറും ചണവും മറ്റും ഉപയോഗിച്ച് കയർ സങ്കരയാൺ നിർമ്മിക്കുന്നതിന് കയർ കോർപ്പ റേഷൻ പദ്ധതി ആവിഷ്കരിച്ചിട്ടു ണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | **(സി)** കേരള സർക്കാർ കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ മൂല്യവർദ്ധിത കയറുല്പന്നങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി കയർ ചകിരിയും മറ്റു പ്രകൃതിദത്ത നാരുകളും തമ്മിൽ സംയോജിപ്പിച്ച് സങ്കര നൂൽ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള" കയർ ബ്ലൻഡഡ് യാൺ ഗവേഷണ ഉല്പാദന പദ്ധതി" നടപ്പിലാക്കുന്നുണ്ട്. ഈ ഫാക്ടറി 2010 ഡിസംബറിനകം പ്രവർത്തനം ആരംഭിക്കാൻ കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| **(ഡി)** കയർ ഗവേഷണത്തിന് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നത്? | **(ഡി)** കയർ മേഖലയുടെ ഗവേഷണ ത്തിനായി സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിച്ചു വരുന്നു. 29.10.09 ൽ ഈ സ്ഥാപനത്തിന്റെ ഔപചാരികമായ ഉദ്ഘാടനം നടന്നു. കയർ വികസനത്തിനാവശ്യമായ ഗവേഷണ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന തിനായി സ്പെഷ്യൽ സെക്രട്ടറി ചെയർ പേഴ്സണും ഡയറക്ടർ, NCRMI കൺവീനറുമായി വിദഗ്ധരടങ്ങുന്ന സ്റ്റേറ്റ് ലെവൽ ആർ & ഡി കമ്മിറ്റി NCRMI - യിൽ രൂപീകരിച്ചിട്ടുണ്ട്. 2006-07 ൽ 50 ലക്ഷം രൂപയും, 2007-08 ൽ 151 ലക്ഷം രൂപയും, 2008-09 ൽ 160 ലക്ഷം രൂപയും 2009-10 ൽ 180 ലക്ഷം രൂപയും NCRMI യുടെ കെട്ടിട നിർമ്മാണത്തിനും ഗവേഷണ വികസനത്തി നുമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ NCRMI സമർപ്പിക്കുന്ന ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് പ്രത്യേകമായി തുക അനുവദിച്ചു വരുന്നു.<br><br>**സെക്ഷൻ ഓഫീസർ** |

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 598 — 29.03.2010 ൽ മറുപടിക്ക്

## പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ കർഷകർക്ക് നൽകുന്ന സഹായങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പുമന്ത്രി) |
| എ) പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; | എ) കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ടിട്ടുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ, സംസ്ഥാനത്തിലെ കാർഷിക വായ്പാ മേഖലയിലും, കാർഷിക രംഗത്തും കർഷകർക്ക് ഗുണകരമായ സേവനങ്ങളാണ് നൽകിവരുന്നത്. വായ്പാ രംഗത്തുള്ള മറ്റ് സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമായി, അംഗങ്ങളായ കർഷകർ. അവർക്ക് നൽകുന്ന വായ്പ ഉപയോഗിച്ച് കൃഷി ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ ആവശ്യമായ വായ്പ കുറഞ്ഞ പലിശ നിരക്കിൽ നൽകിവരുന്നു. നിലവിൽ 7 ശതമാനം പലിശ നിരക്കിലാണ് ഹ്രസ്വകാല കാർഷിക വായ്പകൾ നൽകുന്നത്. കാർഷിക അനുബന്ധ ആവശ്യങ്ങൾക്ക് വായ്പ പരമാവധി 9 ½ ശതമാനം പലിശ നിരക്കിൽ നൽകിവരുന്നു. മാത്രമല്ല സ്വർണ്ണപ്പണയത്തിന്റെ ഈടിന്മേലും ഹ്രസ്വകാല കാർഷിക വായ്പകൾ 7 ശതമാനം പലിശ നിരക്കിൽ വിതരണം ചെയ്തു വരുന്നുണ്ട്. ഹ്രസ്വകാല കാർഷിക വായ്പ പരിധി 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>കാർഷിക വായ്പ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന നെൽകൃഷിക്ക് പലിശ രഹിത വായ്പ നൽകിവരുന്നുണ്ട്.<br>കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് ഒരു ശതമാനം പലിശയിളവും, സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന |

ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 2 ശതമാനം പലിശയിളവ് ഉൾപ്പെടെ 3 ശതമാനം പലിശ സബ്‌വെൻഷൻ ലഭ്യമാക്കുന്നുണ്ട്.

സംസ്ഥാനത്തെ നെൽകൃഷി മേഖലയിലെ ചില സർവ്വീസ് സഹകരണ ബാങ്കുകൾ കൊയ്ത്ത് യന്ത്രം വാങ്ങി വാടകയ്ക്ക് നൽകിവരുന്നത് കർഷകർക്ക് വളരെയധികം സഹായകരമാണ്.

സർവ്വീസ് സഹകരണ ബാങ്കുകൾ ഭൂരിഭാഗവും ന്യായമായ വിലയ്ക്ക് വളം, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നത് കൂടാതെ കാർഷികോൽപ്പന്നങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗൺ സംവിധാനവും നൽകിവരുന്നുണ്ട്.

ഇതിനു പുറമെ കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനായി കൊപ്രാ സംഭരണവും നെല്ലു സംഭരണവും നടത്തുന്നത് കർഷകർക്ക് പ്രയോജനകരമായിട്ടുണ്ട്. കർഷരുടെ കാർഷിക ആവശ്യങ്ങൾക്ക് വേണ്ട സഹായങ്ങൾക്കും കാർഷിക മേഖലയിലെ അറിവുകൾ നൽകുന്നതിനും ഓരോ ജില്ലയിലും ഒരു ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്

കൂടാതെ 2 ഏക്കർ കൃഷി ഭൂമിയുള്ള കർഷകർ എടുക്കുന്ന 25,000/- രൂപ വരെയുള്ള വായ്പ കൃത്യമായി തിരിച്ചടയ്ക്കുമ്പോൾ മുതൽ തുകയുടെ 5 ശതമാനം പ്രോൽസാഹനമായി അനുവദിക്കുന്ന പദ്ധതിയും പ്രാഥമിക സഹകരണ ബാങ്കുകൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

| | |
|---|---|
| ബി) ഹ്രസ്വകാല/ദീർഘകാല വായ്പകൾ എത്ര ശതമാനം പലിശയ്ക്കാണ് കർഷകർക്ക് നൽകുന്നത്; | ബി) ഹ്രസ്വകാല വായ്പകൾ 7 ശതമാനം പലിശ നിരക്കിലാണ് സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന നൽകിവരുന്നത്. കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുള്ള വായ്പകൾ പരമാവധി 9½ ശതമാനം പലിശക്ക് നൽകുന്നു. ഇതിനു പുറമെ ദീർഘകാല കാർഷിക വായ്പാരംഗത്തു പ്രവർത്തിക്കുന്ന കാർഷിക വികസന ബാങ്കുകൾ ചുവടെ പരാമർശിക്കുന്ന നിരക്കിലാണ് കാർഷിക വായ്പ നൽകിവരുന്നത്.<br>50,000/- രൂപ വരെ 9.75 ശതമാനം<br>50,000/- രൂപ മുതൽ 20,00,000/- രൂപ വരെ പരമാവധി 11.25 ശതമാനം.<br>കൂടാതെ നെൽ കൃഷിക്ക് പലിശരഹിത വായ്പയും നൽകിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | **വരൾച്ച, പ്രകൃതിക്ഷോഭം തുടങ്ങിയവ മൂലമുണ്ടാകുന്ന കൃഷിനാശത്തെത്തുടർന്ന് സംഘത്തിൽ വായ്പ തിരിച്ചടയ്ക്കാൻ പ്രയാസമനുഭവിക്കുന്ന കർഷകർക്ക് എന്തെല്ലാം ആശ്വാസമാണ് നൽകുന്നത്;** | സി) | വരൾച്ച പ്രകൃതിക്ഷോഭം തുടങ്ങിയവ മൂലമുണ്ടാകുന്ന കൃഷിനാശത്തെത്തുടർന്ന് വായ്പ തിരിച്ചടയ്ക്കാൻ പ്രയാസമനുഭവിക്കുന്ന കർഷകരുടെ ഹ്രസ്വകാല കാർഷിക വായ്പകൾ മദ്ധ്യകാല വായ്പകളാക്കി മാറ്റുകയും തിരിച്ചടവിനുള്ള കാലാവധി ദീർഘിപ്പിച്ച് നൽകുകയും ദീർഘിപ്പിച്ചു നൽകുന്ന കാലയളവിലെ പലിശ സഹകരണ സംഘത്തിന് നൽകുകയും സാധാരണഗതിയിൽ ചെയ്യാറുണ്ട്. ഇതിനു പുറമെ ജപ്തി നടപടികൾ അനിശ്ചിത കാലയളവിലേയ്ക്ക് നിർത്തിവയ്ക്കുകയും, കാർഷിക വായ്പകൾ ഉൾപ്പെടെയുള്ള വായ്പകൾക്ക് പിഴപ്പലിശ മറ്റിനങ്ങൾ എന്നിവ ഒഴിവാക്കി വായ്പ തിരിച്ചടയ്ക്കുന്നതിന് ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയടക്കമുള്ള ആശ്വാസ നടപടികൾ നടപ്പിലാക്കാറുമുണ്ട്. |
| ഡി) | **കർഷകർക്ക് സബ്സിഡി നിരക്കിൽ വളം വിത്ത് എന്നിവ ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ എപ്രകാരമെന്നു വിശദമാക്കുമോ?** | ഡി) | കർഷകർക്ക് സഹകരണ സംഘങ്ങൾ വഴി വളവും വിത്തും കീടനാശിനകളും കുറഞ്ഞ നിരക്കിൽ കൃഷിവകുപ്പ് മുഖേനയും അല്ലാതെയും നൽകിവരുന്നുണ്ട്. |

Rajendran

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.599 | 29/3/2010-ൽ മറുപടിയ്ക്ക്

## എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷന്റെ പ്രവർത്തനം

ചോദ്യം

ശ്രീ. തോമസ് ചാഴികാടൻ:

(എ) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

ഉത്തരം

ശ്രീ. പി.കെ.ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)

(എ) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. ഇൻഷ്വർ ചെയ്ത തൊഴിലാളികൾക്കും ആശ്രിതർക്കും സൗജന്യ വൈദ്യ സഹായം നൽകുക.
2. രോഗം കൊണ്ട് പണിയെടുക്കാൻ കഴിയാത്ത തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകുക.
3. തൊഴിലപകടമോ തൊഴിൽജന്യ രോഗമോ കൊണ്ടുള്ള താൽക്കാലികമോ സ്ഥിരമോ ആയ അവശതയ്ക്ക് പരിഹാരം കാണാനുള്ള സാമ്പത്തിക സഹായം നൽകുക.
4. തൊഴിലപകടമോ തൊഴിൽജന്യ രോഗമോ കൊണ്ട് മരണപ്പെടുന്ന തൊഴിലാളിയുടെ കുടുംബത്തിനുള്ള ആശ്രിത ആനുകൂല്യം നൽകുക.
5. പ്രസവ കാലത്തേയ്ക്ക് നൽകുന്ന സാമ്പത്തിക സഹായം നൽകുക

6. കൃത്രിമ അവയവങ്ങൾ വച്ചു പിടിപ്പിക്കാനും ചികിത്സാ ഉപകരണങ്ങൾ വാങ്ങാനുമുള്ള സഹായം, ഇൻഷ്വർ ചെയ്ത തൊഴിലാളി മരണമടഞ്ഞാൽ ശവസംസ്കാരത്തിനുള്ള സഹായം നൽകുക.
7. ഇൻഷ്വർ ചെയ്ത തൊഴിലാളി തൊഴിൽരഹിതനായാൽ വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷം വരെ തൊഴിലില്ലായ്മ ബത്ത നൽകുക. (ആനുകൂല്യങ്ങൾ സംബന്ധമായ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്)

| | |
|---|---|
| (ബി) ഇതിന്റെ അധീനതയിൽ എത്ര സ്ഥാപനങ്ങളുണ്ട് ; അവ ഏതെല്ലാം ; | (ബി) കേരളത്തിൽ 11 ഇ.എസ്.ഐ ആശുപത്രികളും 137 ഇ.എസ്.ഐ. ഡിസ്പെൻസറികളും സംസ്ഥാന സർക്കാരിന്റെ അധീനതയിൽ പ്രവർത്തിക്കുന്നു. കൂടാതെ ഇ.എസ്.ഐ. കോർപ്പറേഷന്റെ നേരിട്ടുള്ള ഭരണത്തിൽ കൊല്ലം ആശ്രാമത്ത് ഇ.എസ്.ഐ.സി. മോഡൽ ആശുപത്രിയും സൂപ്പർ സ്പെഷ്യാലിറ്റി സെന്ററും, എറണാകുളം ജില്ലയിൽ ഉദ്യോഗമണ്ഡലിൽ ഇ.എസ്.ഐ.സി. മോഡൽ ആശുപത്രിയും നിലവിലുണ്ട്. സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിനായി കേരളത്തിലുടനീളം ഇ.എസ്.ഐ. കോർപ്പറേഷന്റെ 51 ബ്രാഞ്ച് ഓഫീസുകളും പ്രവർത്തിക്കുന്നു. |

| | |
|---|---|
| (സി) മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി ; എവിടെയൊക്കെയാണ് അവ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത് ; | (സി) കൊല്ലം ജില്ലയിലെ പാരിപ്പള്ളിയിലാണ് ഇ.എസ്.ഐ.സി. മെഡിക്കൽ കോളേജ് സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. 480 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ള ഇതിന്റെ നിർമ്മാണ ചുമതല എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിനാണ്. പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. |
| (ഡി) പ്രസ്തുത കോർപ്പറേഷന്റെ ഗുണഭോക്താക്കൾ ഏതെല്ലാം വിഭാഗം ജനങ്ങളാണ് ; ഇവർക്കു എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) പ്രതിമാസ ശമ്പളം 10,000 രൂപ വരെ വാങ്ങുന്ന തൊഴിലാളികളാണ് ഇ.എസ്.ഐ ആക്ടിന്റെ പരിധിയിൽ വരുന്നത്. ഇവർക്കും ഇവരുടെ ആശ്രിതർക്കും ചികിത്സാ ആനുകൂല്യങ്ങളും, വിവിധ സാമ്പത്തിക ആനുകൂല്യങ്ങളും നൽകുന്നത് കൂടാതെ, സംസ്ഥാനത്തെ 56 മികച്ച ആശുപത്രികളിലൂടെ തൊഴിലാളികൾക്കും അവരുടെ അർഹരായ ആശ്രിതർക്കും സൗജന്യമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയും, 27 ആശുപത്രികളിലൂടെ സ്പെഷ്യാലിറ്റി ചികിത്സയും നൽകിവരുന്നുണ്ട്. |

Seshans. S

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:600 29-3-2010 ൽ മറുപടിയ്ക്ക്

## ഊർജ്ജ സ്രോതസ്സുകൾ

| ചോദ്യം<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>,, റോഷി അഗസ്റ്റിൻ | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതു പ്രധാനമായും ഏതൊക്കെ സ്രോതസ്സിലൂടെയാണ്; ഓരോ സ്രോതസ്സുകളിൽ നിന്നും എത്ര ശതമാനം വീതമാണ് ഊർജ്ജ ഉൽപ്പാദനം നടത്തുന്നത്; | എ) സംസ്ഥാനത്ത് പ്രധാനമായും ജലം, നാഫ്ത, LSHS, കാറ്റ്, എന്നീ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി വൈദ്യുതി ഉല്പാദനം നടത്തുന്നുണ്ട്. സംസ്ഥാനത്തിനകത്തെ 2008-2009 വർഷത്തെ മൊത്തം ഉല്പാദനത്തിന്റെ 69.48% ജലവൈദ്യുത പദ്ധതികളിൽ നിന്നാണ്. ശേഷിക്കുന്ന 30.31% താപവൈദ്യുത നിലയങ്ങളിൽ നിന്നും (Naphtha, LSHS), 0.21% കാറ്റിൽ നിന്നുള്ള വൈദ്യുത പദ്ധതികളിൽ നിന്നുമാണ്. ചെറിയ തോതിൽ വികേന്ദ്രീകരണ പദ്ധതികളുടെ ഭാഗമായി വിദൂര സ്ഥലങ്ങളിൽ സോളാർ പാനൽ മുഖേനയും ഊർജ്ജം ഉല്പാദിപ്പിക്കുന്നുണ്ട്.<br>സംസ്ഥാനത്ത് അനർട്ട് സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന്റെ ചുമതലയിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസുകളായ ചെറുകിട ജല വൈദ്യുത പദ്ധതികൾ, ജൈവദ്രവ്യ ഗ്യാസിഫയറുകൾ, സൗരോർജ്ജം, കാറ്റ് എന്നിവയിൽ നിന്ന് ഊർജ്ജം വികസിപ്പിക്കാൻ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 13 ജില്ലകളിലായി 870 സൈറ്റുകളിൽ ചെറുകിട ജല വൈദ്യുത പദ്ധതിയ്ക്കായുള്ള പ്രാഥമിക പര്യവേഷണം നടത്തിക്കഴിഞ്ഞു. ഇതൊടൊപ്പം ആർ.ഐ.ഡി.എഫ് ധനസഹായത്തോടുകൂടി കണ്ണൂർ ജില്ലയിലെ പേരാവൂർ ബ്ലോക്കിൽ 42 സൈറ്റുകളിൽ നീരൊഴുക്ക് പഠനവും ചെയ്തിട്ടുണ്ട്. വിദഗ്ദ്ധ ടീമിന്റെ മേൽനോട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ട 14 സൈറ്റുകൾ ക്ലസ്റ്റർ, പ്രോജക്ടായി പദ്ധതി നടപ്പിൽ വരുത്തുന്നതോടെ ഊർജ്ജ ഉല്പാദനം സാധ്യമാകുമെന്ന് കരുതുന്നു. കാറ്റിൽ നിന്നും ഉള്ള ഊർജ്ജ ഉല്പാദനത്തിന് 30.075 മെഗാവാട്ട് സ്ഥാപിത ശേഷി നേടിയിട്ടുണ്ട്. ചെറുകിട ജല വൈദ്യുത പദ്ധതികളിൽ നിന്ന് 200 മെഗാവാട്ട് ഉം ബയോമാസ് |

ഗ്യാസിഫയറുകളിൽ നിന്ന് 50 മെഗാവാട്ട് അധിക വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കും.

ബി) ശാസ്ത്രീയവും പരിസ്ഥിതി സൗഹൃദവുമായ തരത്തിൽ സംസ്ഥാനത്തിന് ആവശ്യമായ ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് പഠനം നടത്തിയത്; പ്രസ്തുത പഠനത്തിന്റെ നിഗമനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ബി) സംസ്ഥാന പ്ലാനിംഗ് ബോർഡും കെ.എസ്.ഇ.ബി.യും 11 -ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ഉല്പാദന പദ്ധതികളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 461.00 മെഗാവാട്ടിന്റെ ഏഴ് ഇടത്തരം ജലവൈദ്യുത പദ്ധതികളും, 145.40 മെഗാവാട്ടിന്റെ പത്തൊൻപത് ചെറുകിട ജലവൈദ്യുത പദ്ധതികളും, 3.75 മെഗാവാട്ടിന്റെ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയും കൂടി ആകെ 610.15 മെഗാവാട്ടിന്റെ 30 പദ്ധതികളാണ് കെ.എസ്.ഇ.ബി 11 -ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. കൂടാതെ സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികളും, കാറ്റിൽ നിന്നുള്ള പദ്ധതികളും പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നു. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ ചെറുകിട ജലവൈദ്യുത പദ്ധതികൾ, കാറ്റിൽ നിന്നുള്ള പദ്ധതികൾ എന്നിവ കാലാവസ്ഥയെ ആശ്രയിച്ചിരിക്കുന്നതിനാൽ നിർവിഘ്നമായ വൈദ്യുതി വിതരണം സാധ്യമാക്കാൻ പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളോടൊപ്പമാണ് പാരമ്പര്യേതര ഊർജ്ജ സോതസ്സുകൾ വികസിപ്പിക്കേണ്ടത് എന്ന നിർദ്ദേശമാണ് ആസൂത്രണ ബോർഡിന്റെ വിദഗ്ദ്ധ സമിതി നൽകിയിട്ടുള്ളത്.

ചെറുകിട ജലവൈദ്യുത പദ്ധതിയുടെ സമഗ്ര വികനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നു അനെർട്ട് തയ്യാറാക്കി വരുന്നു. നിഗമനങ്ങൾ അന്തിമമാക്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്